

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡി.വി.എം/ ജിപി 3/1124/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം -695001
തിയ്യതി: 30/08/2025
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും അതുസംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്.

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

(ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ ചുമതല

നമ്പർ: കെ.എസ്.എ.ഡി.വി.എം/ തീയ്യതി: 30/08/2025
ജിപി.3/1124/2025

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. പ്രതാപ്കുമാർ ആർ.	ഡെപ്യൂട്ടി ഡയറക്ടർ	21-05-2025	29-05-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-05-2025	29-05-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഐസലിൻ ആർ., ഓഡിറ്റ് ഓഫീസർ
ശ്രീ. അൻവർരാജ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സുമിത ബാബു ബി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി പ്രിയദർശിനി എസ്.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. വിൻ-ഷാട് പി,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ശ്രീകുമാർ	പ്രസിഡന്റ്	01-04-2024	05-03-2025
ശ്രീമതി ചിത്രലേഖ എസ്.	പ്രസിഡന്റ്	06-03-2025	20-03-2025
ശ്രീ. വിജയപ്രദീപൻ	പ്രസിഡന്റ്	21-03-2025	31-03-2025
ശ്രീ. ആർ.ടി ബിജുകുമാർ	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രീജ	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ. ദീപ്തി	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ഡോ. സുനിൽ	മെഡിക്കൽ ഓഫീസർ , CHC	01-04-2024	31-03-2025
ഡോ. ലക്ഷ്മി	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	31-03-2025
ഡോ. അജിത അദിയടത്ത്	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	31-03-2025
ശ്രീമതി ദീപ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീ. ജിനേഷ്	വി.ഇ.ഒ. ഈസ്റ്റ് സർക്കിൾ	01-04-2024	01-06-2024
ശ്രീമതി അനുശ്രീ	വി.ഇ.ഒ. ഈസ്റ്റ് സർക്കിൾ	01-06-2024	18-09-2024
ശ്രീമതി ജയമോൾ	വി.ഇ.ഒ. ഈസ്റ്റ് സർക്കിൾ	19-09-2024	17-02-2025
ശ്രീ. ജിനേഷ്	വി.ഇ.ഒ. ഈസ്റ്റ് സർക്കിൾ	18-02-2025	31-03-2025
ശ്രീ. ജിനേഷ്	വി.ഇ.ഒ. വെസ്റ്റ് സർക്കിൾ	01-04-2024	31-03-2025
ശ്രീമതി പ്രിയ ഡി.പി	വി.ഇ.ഒ. നോർത്ത് സർക്കിൾ	01-04-2024	31-03-2025

ശ്രീമതി കവിത എസ്. നായർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീ. ആർ.റ്റി. ബിജുകുമാർ	സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി ബീന എം എസ്.	ഹെഡ്മിസ്ട്രസ്സ്	01-04-2024	31-05-2024
ശ്രീമതി റോജി ജി.എസ്.	ഹെഡ്മിസ്ട്രസ്സ്	01-06-2024	12-06-2024
ശ്രീമതി സജിതകുമാരി	ഹെഡ്മിസ്ട്രസ്സ്	13-06-2024	31-03-2025
ശ്രീ. മഹേഷ്കുമാർ എം.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	13-05-2024
ശ്രീ. അഭിലാഷ് പി. ശശി	അസിസ്റ്റന്റ് എഞ്ചിനീയർ	13-05-2024	11-09-2024
ശ്രീമതി കല്യാണിക്കുട്ടി	അസിസ്റ്റന്റ് എഞ്ചിനീയർ	12-09-2024	31-03-2025
ശ്രീമതി ശിവാംബിക	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി സുനിത എ.	അസി. സെക്രട്ടറി	01-04-2024	31-03-2025

വൈസ് പ്രസിഡന്റായ ശ്രീമതി ചിത്രലേഖ എസ് 06.03.2023 മുതൽ 20.03.2025 വരെ പ്രസിഡന്റ് ഇൻ ചാർജ്ജായി അധികചുമതല വഹിച്ചിരുന്നു.

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടൻസ് ചട്ടങ്ങൾ പ്രകാരമുള്ള മുഴുവൻ പത്രികകളും തയ്യാറാക്കിയിട്ടില്ല.	1-1-1
3	സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകൾ നിർണ്ണയിച്ച ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല.	1-1-2
4	സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല.	1-1-3
5	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-4
6	സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.	1-1-5
7	ക്യാഷ് ബുക്ക് ട്രഷറി മെന്റിലെ ക്യാഷ് ബുക്കുമായും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും പൊരുത്തപ്പെടുന്നില്ല.	1-1-6
8	ഡെപ്പോസിറ്റ് വർക്കുകൾക്കായി മുൻകൂറായി നൽകിയ മുഴുവൻ തുകകളും പ്രവർത്തി പൂർത്തീകരിച്ചു വാങ്ങുവരെ ക്രമീകരിച്ചിട്ടില്ല.	1-1-7
9	Gross Surplus Of Income Over Expenditure കണക്കാക്കിയതിൽ അപാകം.	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഗ്രാന്റ് വിനിയോഗം.	1-4
13	പദ്ധതി അവലോകനം	1-5
14	ക്ഷേമ പദ്ധതികൾ	1-6
15	ക്യാഷ് വെരിഫിക്കേഷൻ.	1-7
16	ആഭ്യന്തര നിയന്ത്രണം	1-8
17	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-9
18	എം.ജി.എൻ.ആർ.ഇ.ജി എസ് പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-9-1
19	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.	1-10
20	യോഗമിനിട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല.	1-11
21	വസ്തു നികുതി പരിഷ്കരണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല	1-12
22	കെട്ടിട നികുതി- സംശയ അപാകതകൾ.	1-13
23	വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ - അപാകങ്ങൾ.	1-14
24	ഹെൽത്ത് ഗ്രാന്റ് - അവലോകനം	1-15
25	ഹൈസ്കിവൽ അഡ്വാൻസ് ഇനത്തിലെ തുക ക്രമീകരിച്ചിട്ടില്ല	1-16
26	ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് ആന്റ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല തുക തടസ്സപ്പെടുത്തുന്നു (19,46,818/-രൂപ)	1-17
27	കുടിവെള്ള കണക്ഷൻ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല. ചെലവ് തുക 53,824/-രൂപ തടസ്സപ്പെടുത്തുന്നു	1-18

28	പാലിയേറ്റീവ് കെയർ വൃദ്ധപരിചരണം പദ്ധതി പ്രകാരമുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. 3,50,000/- രൂപ തടസ്സപ്പെടുത്തുന്നു.	1-19
29	ഗുണഭോക്താക്കൾ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന ബാങ്ക് അക്കൗണ്ട് നമ്പറുകളിലാതെ മറ്റ് അക്കൗണ്ട് നമ്പറുകളിലേക്ക് തുകകൾ മാറ്റിയതായി	1-20
30	വില നൽകിയിട്ടും ഹോംകോ ഹോമിയോ മരുന്നുകൾ ലഭ്യമാക്കിയില്ല - 41,943/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു	1-21
31	ലൈഫ് ഭവന നിർമ്മാണം (എസ്.സി.) ആദ്യ ഗഡു മൈക്രോഫിനാൻസ് നൽകിയിട്ടും പണി ആരംഭിച്ചിട്ടില്ല.	1-22
32	ബഡ്സ് സ്കൂൾ - പ്രവർത്തനാവലോകനം	1-23
33	പാഥേയം പദ്ധതി - 97,920/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ചെലവു തടസ്സപ്പെടുത്തുന്നു.	1-24
34	ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി-സ്റ്റോർ പർച്ചേസ് മാന്വൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.	1-25
35	വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ-ഗുണഭോക്താക്കൾ എസ്.സി. വിഭാഗമാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.	1-26
36	പാലിയേറ്റീവ് കെയർ പദ്ധതി-മരുന്ന് ലഭ്യമാക്കിയില്ല - 47,144/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.	1-27
37	മരാമത്ത് പ്രവൃത്തികൾ - നെയിം ബോർഡ് സ്ഥാപിക്കാതെ നെയിംബോർഡിന് തുക നൽകി	1-28
38	നെല്ലിവിള മാർക്കറ്റിൽ കെട്ടിട നിർമ്മാണം - നിഷ്ക്രിയ ആസ്തിയായി തുടരുന്നു - 9,73,611/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു	1-29

ഭാഗം 2

— No Records Found —

ഭാഗം 3

— No Records Found —

ഭാഗം 4

1	മെഡിസെപ് പ്രീമിയം ഒടുക്കൽ	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ബന്ധികകളുടെ വിശദാംശം.	4-8
9	ചാർജ്ജ്/സർചാർജ് നടപടികളുടെ വിവരം.	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനാവശ്യപ്പെടുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം	

2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1) കമ്മിറ്റി തീയതികാലം പ്രകാരം തയ്യാറാക്കി 09/05/2025 തീയതിയിൽ പിന്തുടരുന്നതിനുള്ള രേഖകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/3/2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും മാനേജ്മെന്റ് നടത്തിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശദീകരണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ മോഡുകളായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **വെങ്ങാനൂർ** ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള മുഴുവൻ പത്രികകളും തയ്യാറാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 62-2 (എച്ച്) പ്രകാരമുള്ള വാർഷിക അനുഘാതങ്ങൾ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. മുഴുവൻ പത്രികകളും വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിക്കാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/27.5.2025 ന്, നിലവിലെ അക്കൗണ്ടിംഗ് സോഫ്റ്റ്വെയറായ ILGMS ൽ വാർഷിക അനുഘാതങ്ങൾ ലഭ്യമല്ലാത്തതിനാലാണ് അപ്രകാരം

ക്രമീകരിക്കാത്തതെന്ന് മറുപടി നൽകി.

1-1-2 തൽവർഷത്തെ വരവ്-ചെലവ് കണക്കുകൾ നിർണ്ണയിച്ച ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

തനിവർഷത്തെ വരവ് ചെലവ് കണക്കുകൾ (പഞ്ചായത്ത് ഫണ്ട്) നിർണയിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/27.5.2025 ന് പഞ്ചായത്ത് ഫണ്ട് നിർണയിച്ച ബി-1 ഷെഡ്യൂൾ നിലവിലെ അക്കൗണ്ടിംഗ് സോഫ്റ്റ്വെയറായ ILGMS ൽ ലഭ്യമല്ല എന്ന് മറുപടി നൽകി.

1-1-3 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും രേഖപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) –ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/27.5.2025 ന് വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി.

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ താക്കുവാൻ ചെയ്യേണ്ട വസ്തുനികുതികളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ഇനങ്ങൾ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വിവിധ വരവുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

ഹെഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ തീയതി
110100101	Property Tax On Residential Building	31.03.2025
110100102	Property Tax On Non Residential Building	
110200101	Profession Tax Institution	
110200105	Profession Tax Treders	

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/27.5.2025 ന് വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി.

1-1-5 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 28 പ്രകാരം ഓരോ വർഷാവസാനത്തിലും ചെലവ് ചെയ്യുകയും പണം നൽകാതിരിക്കുകയും ചെയ്യുന്നവയ്ക്ക് വേണ്ടി പഞ്ചായത്ത് പ്രൊവിഷൻ വയ്ക്കേണ്ടതും വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്ന തീയതിക്ക് 30 ദിവസം മുൻപുള്ള തീയതി കട്ടോഫ് തീയതിയായി കണക്കാക്കി വേണം ബില്ലുകൾക്ക് പ്രൊവിഷൻ വകയിരുത്തേണ്ടത്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2025 മാർച്ചിലെ ശമ്പളം,

ജനപ്രതിനിധികളുടെ ഓണറേറിയം, ഇൻഡോമെന്റഡ് ബാലൻസ് ഷീറ്റ് ബി 10 ഷെഡ്യൂളിൽ ഡിസ്ക്ലോഷർ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/27.5.2025 ന് മേൽ ചട്ട പ്രകാരം സെക്രട്ടറി, സ്ഥിരം ജീവനക്കാർ, ചീഫ് എക്സ് ഓഫീസറുടെ ശമ്പളത്തിന് മാത്രമേ ഡിസ്ക്ലോഷർ രേഖപ്പെടുത്തേണ്ടതുള്ളൂ എന്നാണ് അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട പരിശീലനത്തിൽ പറഞ്ഞിട്ടുള്ളതെന്നും ഡയസ് വർഷങ്ങളിൽ അതായത് പരിഹരിക്കുന്നതാണെന്നും മറുപടി നൽകി.

1-1-6 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ക്യാഷ് ഫ്ലോ തുകയും മുന്നിരിപ്പ് നിക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം "Net Increase In Cash And Cash Equivalence" ആയി രേഖപ്പെടുത്തിയ തുകയും (22191623/-) "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയ തുകയും (3695684/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/27.5.2025 ന് ILGMS സോഫ്റ്റ് വെയറിന്റെ അപാകത മൂലമാണ് ക്യാഷ് ഫ്ലോ ചുമിക ഇപ്രകാരം ജനറേറ്റ് ചെയ്യുന്നതെന്ന് മറുപടി നൽകി.

1-1-7 ഡെപ്പോസിറ്റ് വർക്കുകൾക്കായി മുൻകൂറായി നൽകിയ മുഴുവൻ തുകകളും ചെവർത്തി ചുർത്തീകരിച്ചു നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

ഡെപ്പോസിറ്റ് വർക്കുകൾക്കായി സർക്കാർ ഏജൻസികൾക്ക് മുൻകൂറായി നൽകിയ മുഴുവൻ തുകകളും പ്രവർത്തി പൂർത്തീകരിച്ചു നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

നിർവഹണ ഏജൻസി	2023-24 ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരമുള്ള മുന്നിരിപ്പ്	2024-25 വർഷത്തെ നിക്ഷേപം (മുലധന പ്രകാരം)	ആകെ	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത്	2024-25 ബാലൻസ് ഷീറ്റ് B18 ഷെഡ്യൂൾ പ്രകാരം നിക്കിയിരിപ്പ്
കെ.എസ്.ഇ.ബി	16829244	1946818		-	18776062
കേരള വാട്ടർ അതോറിറ്റി	10043471	53824	10097295	20000	10077295
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	497850	-	497850	-	497850

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/27.5.2025 ന് സർക്കാർ ഏജൻസികളിൽ ഡെപ്പോസിറ്റ് തുക സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ലെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുകകൾ ക്രമീകരിക്കുന്നതാണെന്നും മറുപടി നൽകി.

1-1-8 Gross Surplus Of Income Over Expenditure കണക്കാക്കിയതിൽ അപാകത.

Income & Expenditure സ്റ്റേറ്റ്മെന്റിൽ Prior Period Income (I 19) – ൽ നിന്നും Prior Period Expenes (I 18) കുറവ് ചെയ്യുമ്പോൾ ലഭിക്കുന്ന തുക (-) 1,72,972/- എന്ന് രേഖപ്പെടുത്തുന്നതിന് പകരം (+) 1,72,972/- എന്ന് കണക്കാക്കിയത് മൂലം Gross Surplus/Deficit Of Income Over Expenditure After Prior Period Items കണക്കാക്കിയതിൽ പിശക് സംഭവിച്ചു.

1-2 ബജറ്റ്

	ബജറ്റ് പ്രകാരം	റിവൈസ്ഡ് ബജറ്റ് പ്രകാരം
ഭരണ സമിതി അംഗീകാരം	09.02.2024 തീയതിയിലെ 1(1) നമ്പർ തീരുമാനം	15.03.2025 തീയതിയിലെ 2(1) നമ്പർ തീരുമാനം
മുന്നിരിപ്പ്	21054178	36854178
വരവ്	362296653	345335550
ആകെ	383350831	381389728
ചെലവ്	366150273	361650273
നീക്കിയിരിപ്പ്	17200558	19739455

1-3 സാമ്പത്തിക വിശകലനം

റസിപ്റ്റ് & പെയ്മെന്റ് ചുരുക്ക പ്രകാരം

മുന്നിരിപ്പ്	62608851
വരവ്	79346179
ആകെ	141955030
ചെലവ്	57154556
നീക്കിയിരിപ്പ്	84800474

1-4 ഗ്രാന്റ് വിനിയോഗം.

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	23833726	23752919	80807
വികസനഫണ്ട് (എസ്.സി.പി)	0	14280202	12097126	2183076
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	13218420	3734486	9483934
ധനകാര്യകമ്മീഷൻഗ്രാന്റ്(CFC-Untied)	0	5780283	3710262	2070021
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	18207000	11126180	7080820
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	9114000	6649632	2464368
കേന്ദ്രാവിഷ്കൃത ഫണ്ട്(സി.എസ്.എസ്)	0	0	1403316	-1403316
സംസ്ഥാനവിഷ്കൃത ഫണ്ട് (എസ്.എസ്.എസ്)	0	0	885000	-885000

ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത അടിസ്ഥാനത്തിൽ ചട്ടപ്രകാരം മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. തെരഞ്ഞെടുത്ത അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

തെരഞ്ഞെടുത്ത	വിഭാഗം	അടങ്കൽ (തുള്ളിയുടെ ഒഴികെ)	ചെലവ് (തുള്ളിയുടെ ഒഴികെ)	ചെലവ് %
ഉല്പാദനം	പൊതുവിഭാഗം	12189780	5175347	42.4

	പട്ടിക ജാതി വിഭാഗം		195000	45000	23.07
	പൊതുവിഭാഗം		81436469	24996390	30.6
സേവനം	പട്ടിക ജാതി വിഭാഗം		21111414	14227664	67.3
	പൊതുവിഭാഗം		33068908	17162704	51.8
പഞ്ചായത്തല്ലാം	പട്ടിക ജാതി വിഭാഗം		3184000	366678	11.5

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻട്രിയായി നം. 26/28.5.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	അടങ്കൽ തുക (രൂപയുടെ മുഴുവൻ മുഴികെ)	ചെലവഴിച്ച തുക (രൂപയുടെ മുഴുവൻ മുഴികെ)	ചെലവ്ശതമാനം (%)
വനിത ഘടക പദ്ധതി	3946500	1126930	28.5
കുട്ടികൾ	3774414	3124672	82.7
വയോജനങ്ങൾ	1868200	1636625	87.6
ഭിന്നശേഷിയുള്ളവർ	606936	172531	28.4
അതിദരിദ്രർ	167400	167400	100

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻട്രിയായി നം. 26/28.5.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3. സാമൂഹ്യ പ്രോജക്ടുകൾക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച ചുവടെ ചേർക്കുന്ന തുക 2024-25 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ മടക്കുകയോ ചെയ്തിട്ടില്ല.

ക്രമനം	കോഡ്	മറ്റേത സ്ഥാപനം	തുക
1	320700204	നിർമ്മാക്ക് പഞ്ചായത്ത് (Revenue Expenditure)	347737
2	320700205	ജില്ലാ പഞ്ചായത്ത് (Revenue Expenditure)	562800
3	320700302	മുൻസിപ്പൽ കോർപ്പറേഷൻ (Capital Expenditure)	41645
4	320700305	ജില്ലാ പഞ്ചായത്ത് (Capital Expenditure)	103569

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻട്രിയായി നം. 26/28.5.2025 ന് 2023-24 സാമ്പത്തിക വർഷം ടി തുകകൾ ചെലവഴിക്കുന്നതാണെന്ന് മറുപടി നൽകി.

4. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2023-24 സാമ്പത്തിക

വർഷം ചെലവഴിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച തുക തന്നെയാണ് 2024-25 വാർഷികപദ്ധതികാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക
320100130	Member Of Parliament Local And Development Scheme	8528
320100181	Total Sanitation Campaign	306000
320100191	Nirmal Puraskar	233000
320100198	Grant From Suchitwa Mission	1661419

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് ഏൻക്വയറി നം. 26/28.5.2025 ന് 2025-26 സാമ്പത്തിക വർഷം ടി തുകകൾ ചെലവഴിക്കുന്നതാണെന്ന് മറുപടി നൽകി.

5. ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതം ഇനത്തിൽ 475080/- രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു. പ്രസ്തുത തുക ഏത് പദ്ധതിയുമായി ബന്ധപ്പെട്ട് പിരിച്ചെടുത്തതാണെന്നും, ആയത് നാളിതുവരെ ചെലവഴിക്കാത്തതിന് കാരണവും വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് ഏൻക്വയറി നം. 26/28.5.2025 ന് 1-2-2013 മുതൽ 31-3-2016 വരെയുള്ള കാലയളവിലാണ് 423000/- രൂപ തരംകൊണ്ടിൽ വന്നിട്ടുള്ളതെന്നും, എന്നാൽ തുക സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ലഭ്യമല്ലെന്നും മറുപടി അറിയിച്ചു. 410800/-രൂപ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള വീടുകളിൽ ബയോഗ്യാസ്പ്ലാന്റ് ഇൻ എന്ന പദ്ധതിക്കായി ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചിട്ടുള്ളതാണെന്നും, 11000/-രൂപ വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ അടുക്കള മുറ്റത്ത് മുട്ടക്കോഴി വളർത്തൽ എന്ന പദ്ധതിക്കായി ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്തിട്ടുള്ളതാണെന്നും ടി പദ്ധതികൾ 2025-26 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ ആക്കിയിട്ടുള്ളതും ഗുണഭോക്തൃ വിഹിതം ചെലവഴിക്കുന്നതാണെന്നും മറുപടി നൽകി.

1-5 പദ്ധതി അവലോകനം

1) 2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിനു വേണ്ടിയുള്ള അടങ്കൽ ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(സൂക്ഷ്മ ചെലവ് ചുരുക്ക പ്രകാരം)

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (തുള്ളിയവ ഒഴികെ)	ആകെ പദ്ധതി ചെലവ് (തുള്ളിയവ ഒഴികെ)	ചെലവ് ശതമാനം
സെക്രട്ടറി	46	29	17	18321076	10779512	58.83
അസിസ്റ്റന്റ് എഞ്ചിനീയർ	117	50	67	47480884	19479924	41.02
കൃഷി ഓഫീസർ	7	7	0	1742280	1742280	100
വി.ഇ.ഒ	9	7	2	1330220	322875	24.27
ലേഡി വി.ഇ.ഒ	19	15	4	49411297	16042791	32.46
വെറ്റിനറി സർജൻ	6	5	1	1695000	1500000	93.43

ഐസിഡിഎസ് സൂപ്പർവൈസർ	34	19	15	8763486	6758369	77.11
എച്ച്.എം	5	3	2	1150000	638858	55.55
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	18	14	4	5534891	3848227	69.52
മെഡിക്കൽ ഓഫീസർ (ഹോമിയോ)	2	2	0	300000	291854	97.28
അസി.സെക്രട്ടറി	17	9	8	8254880	6387726	77.36
മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	7	7	0	3646557	3646553	99.99
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	1	1	0	45000	45000	100
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	0	3600000	1415000	39.30
ആകെ	**289**	**169**	**120**	**151185571**	**72899029**	**48.21**

(2) ആകെ വരവ് ചെലവ് (സൂലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക	ചെലവ് തുക	ശതമാനം
വികസന ഫണ്ട് (ജനറൽ)	29636838	23732919	80.14
വികസന ഫണ്ട് (എസ്.സി.പി)	15333000	12097126	78.89
ധനകാര്യ കമ്മീഷൻ അവാർഡ്	17803334	7444748	41.81
കേന്ദ്രാവിഷ്കൃത ഫണ്ട്	8240000	1403316	17.03
സംസ്ഥാനാവിഷ്കൃത ഫണ്ട്	16000000	885000	5.53
തനത് ഫണ്ട്	14057447	5278108	37.54
മറ്റ് ഗ്രാമ പഞ്ചായത്ത്	102747	0	0
മറ്റ് ബ്ലോക്ക് പഞ്ചായത്ത്	7733415	2126000	27.49
മറ്റ് ജില്ലാ പഞ്ചായത്ത്	9278215	2136000	23.02
മെയിന്റിനൻസ് ഫണ്ട് റോഡ്	18682803	11126180	59.55
മെയിന്റിനൻസ് ഫണ്ട് ലോൺ റോഡ്	10349752	6649632	64.24
മറ്റുള്ളവ	53330015	9644745	18.08

വിവിധ പദ്ധതികളിലൂടെ പഞ്ചായത്തിന്റെ വികസനം ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ അനുവദിക്കുന്ന തുകകൾ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-6 ക്ഷേമ പദ്ധതികൾ

ക്രമ നം.	ക്ഷേമ പദ്ധതികളുടെ പേര്	ചെലവഴിച്ച ഗുണഭോക്താക്കളുടെ തുക	എണ്ണം

1	കർഷക തൊഴിലാളി പെൻഷൻ	2314000	143
2	വിധവ പെൻഷൻ	23053000	1548
3	വാർദ്ധക്യകാല പെൻഷൻ	43496400	3189
4	വികലാംഗ പെൻഷൻ	6765500	444
5	50 വയസ്സിനോട് പ്രായമുള്ള അവിവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	606400	37
6	വിവാഹ ധന സഹായം	180000	6

1-7 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-05-2025 തീയതിയിൽ 12.30 ന് എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6351/- (ആറായിരത്തി മുന്നൂറ്റി അമ്പത്തി ഒന്ന്) രൂപ ബാലൻസിന്റെ കുറവായ് കാണപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് പ്രകാരം പഞ്ചായത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. നിലവിൽ പഞ്ചായത്തിൽ പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. പഞ്ചായത്തിൽ നിയമാനുസൃതം സൂക്ഷിക്കേണ്ട രജിസ്റ്ററുകളെല്ലാം കൃത്യപ്പെടുത്തൽ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബന്ധപ്പെട്ട കമ്മിറ്റി മിനിട്സ് യഥാസമയം പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നതിൽ കാലതാമസം നേരിടുന്നു. 2024-25 വർഷത്തിൽ എല്ലാ വാർഡുകളിലും ഗ്രാമസഭയാണ് കൂടിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 13 പ്രകാരം കുറഞ്ഞത് പക്ഷം മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ കൂടാൻ ചേരേണ്ടതാണ്. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്. തൽവർഷം കുടിശ്ശിക നികുതിയിനത്തിൽ 90 % നികുതിയാണ് ലഭിച്ചിട്ടുള്ളത്.

പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ ഒരു മീറ്റിംഗ് മാത്രമാണ് കൂടിയിട്ടുള്ളത്. മെച്ചപ്പെടുത്തിയ പ്രവർത്തികൾ യഥാസമയം പൂർത്തിയാക്കുന്നുണ്ടെന്ന് പഞ്ചായത്ത് മോണിറ്ററിങ് ഉറപ്പ് വരുത്തേണ്ടതാണ്. പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിന് മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിന് നിർവ്വഹണ അധികാരികൾ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് വരവ്	ആകെ	ചെലവ്	നിക്കിയിരിപ്പ്
തനതുചെലവുകൾ	20	2309354	2309374	2226889	82485
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	44369367	44369367	44369367	0
ആകെ	20	46678721	46678741	46596256	82485

1-9-1 എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) ഇ-മെഷർ

2024-25 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന 23 റോഡ് കോൺക്രീറ്റ്/നടപ്പാത നിർമ്മാണം /

ഇന്റിമേഷൻ പ്രവൃത്തികളുടെ മെറ്റീരിയലിനായി ടെണ്ടർ നോട്ടീസ് 09/11/2023 ൽ കേരള സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 34,59,933/- രൂപ വിലയുള്ള Quarry Material 39,07,020/- രൂപയുടെ നോൺക്വാറി മെറ്റീരിയൽസിനുമാണ് ടെണ്ടർ നോട്ടീസ് നൽകിയത്. ടെണ്ടർ തുറന്നു കൂട്ടി ചെയ്യാത്തതിനാൽ 13/12/2023 ൽ റീ ടെണ്ടർ ചെയ്തു. റീ ടെണ്ടറും തുറന്നു കൂട്ടി ചെയ്തിട്ടില്ല. കേരള കൗമുദി, മാതൃഭൂമി എന്നീ പത്രങ്ങളിലാണ് ടെണ്ടർ പരസ്യം നൽകിയത്. ഇ- ടെണ്ടറിൽ തുറന്നും പരിശോധിക്കാതിരുന്നിട്ടും റീ- ഇ-ടെണ്ടർ നൽകിയതിന്റെ പരസ്യവും വീണ്ടും അതേ പത്രങ്ങളിൽ തന്നെയാണ് നൽകിയത്. ഡിമാന്റ് 10/01/2024 ൽ കൂട്ടേഷൻ പരസ്യം നൽകിയിട്ടുണ്ട്. കൂട്ടേഷൻ പരസ്യവും പ്രസിദ്ധ പത്രങ്ങളിൽ മാത്രമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആർക്കുമായി ബിഡ് ലഭ്യമാകാതിരുന്നിട്ടും പത്രപരസ്യം, സർക്കുലേഷൻ കൂടുതലുള്ള മറ്റു പത്രങ്ങളിലൊന്നും നൽകാതെ വീണ്ടും അതേ പത്രങ്ങളിൽ തന്നെ നൽകിയ നടപടി ഉചിതമല്ല. സ്റ്റാർ പർച്ചേസ് മാന്വൽ, ഖണ്ഡിക 7.13 പ്രകാരം 10 ലക്ഷത്തിലധികം വിലയുള്ള എസ്റ്റിമേറ്റുകളിൽ Open Tender വിളിക്കേണ്ടതും, സർക്കാർ വെബ്സൈറ്റിൽ Short Tender Notice നൽകേണ്ടതും, സർക്കുലേഷനിൽ മുൻനിരയിലുള്ള രണ്ട് മാഷ പത്രങ്ങളിലും ഒരു ഇംഗ്ലീഷ് പത്രത്തിലും പരസ്യം നൽകേണ്ടതാണ്.

കേരളി അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നു മാത്രമാണ് ടെൻഡർ കൂട്ടേഷൻ ലഭ്യമായത്. പ്രസ്തുത കൂട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്.

2) 20000/- രൂപയ്ക്കു മുകളിൽ നൽകിയിട്ടുള്ള വ്യക്തിഗത ആനുകൂല്യം നൽകുന്ന ഗുണഭോക്താക്കളുമായി 200/- രൂപ മുദ്രപത്രത്തിൽ കരാർ ചെയ്യേണ്ടതാണ്. എന്നാൽ വ്യക്തിഗത ആനുകൂല്യം നൽകിയിട്ടുള്ള ഗുണഭോക്താക്കളുമായി കരാർ ചെയ്തിട്ടില്ല. നിലവിൽ കരാർ വയ്ക്കുന്നുണ്ടെന്നും മുൻ വർഷങ്ങളിൽ അറിവില്ലായ്മ കാരണമാണ് കരാർ വയ്ക്കാത്തതെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്.

3) എം.ജി.എൻ.ആർ.ഇ.ജി.എ. ന്റെ ഫണ്ട് ഉപയോഗിച്ചു നടപ്പിലാക്കുന്ന 2023-24 സാമ്പത്തിക വർഷത്തിന് മുൻപ് എടുത്തത് ഒരു തവണ സ്പിൽ ഓവർ ആക്കിയ പദ്ധതികൾ 2024-25 ൽ സ്പിൽ ഓവർ ആയി നടപ്പാക്കേണ്ടതില്ലായെന്നും സ്റ്റേറ്റ് മിഷന്റെ 1/110279/2024, തിയതി: 22/03/2024 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതാത് വർഷം തന്നെ പദ്ധതി നിർവഹണം ആക്ഷൻ പ്ലാൻ പ്രകാരം നിർവഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2019 ൽ ആരംഭിച്ച പദ്ധതികളും നാളിതു വരെ പൂർത്തിയാക്കിയിട്ടില്ലാത്തതായാണ് വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്ന വിവരം. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:20 തിയതി : 28/05/2025) എം.ഐ.എസ് ൽ പ്രവൃത്തി പൂർത്തീകരണം നൽകുന്നതിന് During Stage Geo Tag ചെയ്യണമെന്നും Geo Tag ചെയ്യാൻ സാധിക്കാത്തതിനാലാണ് ഇപ്രകാരം പൂർത്തീകരണം നൽകാൻ സാധിക്കാത്തതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഇപ്രകാരം പൂർത്തീകരണം നൽകിയിട്ടില്ലാത്ത ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം:	പേര്	വർക്ക് കോഡ്	ആരംഭിച്ച തിയതി	എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ച തുക (In Lakhs)	നാളിതുവരെ നൽകിയ തുക (In Lakhs)
1	(Ward 19 Thuravankonam Kulam Punarudharanam)	1614001005/ WH/349892	25/07/2023	2.43369	0.8958
2	(വാർഡ്-4 കാഞ്ഞിരംവിള കായൽക്കരവരമ്പ് പുനരുദ്ധാരണം)	(പനയോട് മുതൽ തോട് 1614001005/ WH/225760	16/01/2018	2	0.97021
3	(വാർഡ്-3	(മുട്ടയ്ക്കാട്	1614001005/	21/12/2017	1	0.74783

	ഏലാത്തോട് പുനരുദ്ധാരണം)	WH/210580			
4	(വാർഡ്-19 മുണ്ടോട്ടുകോണം തൊട് പുനരുദ്ധാരണം)	1614001005/ WH/127733	13/11/2017	2	0.68905
5	(വാർഡ് 2) മുതിരാത്തല മുതൽ കായലിക്കരവരെ തൊട് പുനരുദ്ധാരണം)	1614001005/ WH/104318	21/12/2017	2	0.75718
6	(വാർഡ് 3)പാമവിള പട്ടികജാതി സങ്കേതം മുതൽ ചുനക്കാതി ചാനൽവരെ വരെ നടപ്പാത നിർമ്മാണം)	1614001005/ RC/67798	13/11/2017	1	0.39187
7	(വാർഡ് 8) കക്കാക്കുഴി മുതൽ കാവുവിളവരെ നടപ്പാത കൈവരി വാർ കൂടി സംരക്ഷണം)	1614001005/ RC/67041	27/10/2017	3	1.29623
8	(Ward 13 Goat Aneesh 13/233)	1614001005/ IF/516092	10/12/2020	0.5	0.4093
9	(Ward 7 Kozhikoodu Bindu K 7/16)	1614001005/ IF/514100	10/12/2020	0.46	0.3513
10	(Ward 11 Kozhikoodu Sobhana 11/9)	1614001005/ IF/514097	17/12/2020	0.46	0.3528
11	(Ward 11 Kozhikoodu Sanalakumari 11/13)	1614001005/ IF/514096	17/12/2020	0.45983	0.31803
12	(Ward 7 Kozhikoodu Sujakumari(7/144))	1614001005/ IF/496079	10/12/2020	0.45967	0.3663
13	(വാർഡ്-3)കിണർ നിർമ്മാണം(തണ്ടാംപൊട്ട)	1614001005/ IF/337291	05/03/2019	2.7	1.15807
14	(Ward 7 Sockpit Sathi 7/386)	1614001005/ IF/1027341	29/11/2023	.14836	0.02998

മേൽ പ്രവൃത്തികൾ ഉൾപ്പെടെ എം.ഐ.എസ്.ൽ പൂർത്തീകരണം നൽകാൻ സാധിക്കാത്തവ എം.ഐ.എസ്. ൽ പൂർത്തീകരണം നൽകി ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	19/5/2022	01.01.2021 മുതൽ 31.03.2022 വരെ	റിപ്പോർട്ട് ലഭ്യമായിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	07/12/2015	2010-11 മുതൽ 2014-15 വരെ	28.07.2016

1-11 യോഗമിനിട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (1995 ലെ യോഗ നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 26 ഉപചട്ടം 6 പ്രകാരം പഞ്ചായത്തിൽ പാസാക്കിയ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതും ഉപചട്ടം 8 പ്രകാരം യോഗനടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും ഉപചട്ടം 9 പ്രകാരം നക്കൽ അധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി തെറ്റുള്ളതുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ചു നൽകേണ്ടതും ഉപചട്ടം 10 പ്രകാരം അധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻ തന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അധ്യക്ഷന്റെ ഒപ്പു വാങ്ങേണ്ടതും തുടർന്ന് പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ നടന്ന വിവിധ കമ്മറ്റി യോഗങ്ങളുടെ മിനിട്സുകൾ പൂർത്തിയാക്കാൻ കാലതാമസം ഉണ്ടായിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

യോഗ തീയതി	സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി	അധ്യക്ഷൻ അംഗീകരിച്ച തീയതി
24/9/24	25/11/2024	25/11/2024
23/10/24	4/3/2025	4/3/2025
11/11/24	16/1/2025	16/1/2025
25/11/24	16/1/2025	16/1/2025
7/12/24	4/3/2025	4/3/2025
21/12/24	4/3/2025	4/3/2025
6/1/25	4/3/2025	7/3/2025
13/1/25	4/3/2025	7/3/2025
22/1/25	4/3/2025	7/3/2025
27/2/25	20/3/2025	22/3/2025

ആയതിന് കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് ഏർക്കുയറിക്ക് (നം.11/23.05.2025), ജോലിത്തിരക്കും മീറ്റിംഗുകളും കാരണം ചില യോഗങ്ങളുടെ മിനിട്സുകൾ തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടായതായും, ആയത് തുടർന്നുള്ള യോഗങ്ങളിൽ പരിഹരിച്ച് യഥാസമയം മിനിട്സുകൾ തയ്യാറാക്കുന്നതാണെന്നും മറുപടി നൽകി. മുൻ ഓഡിറ്റ് റിപ്പോർട്ടിലും ടി അപാകത റിപ്പോർട്ടു ചെയ്തിട്ടുള്ളതാണ്. ചട്ട പ്രകാരം യോഗ മിനിട്സുകൾ യഥാസമയം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-12 വസ്തു നികുതി പരിഷ്കരണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല

കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05-04-2023 തീയതിയിലെ സാമ്പ. (അച്ചടി) നമ്പർ 25/23/LSGD വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് പുതുക്കിയ വസ്തുനികുതി നിരക്ക് നിശ്ചയിച്ച് 4-07-2023 ൽ 3(1) നമ്പർ തദ്ദേശസമിതി തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. കേരള സർക്കാർ വിജ്ഞാപന പ്രകാരവും, പഞ്ചായത്തിന്റെ അന്തിമ വിജ്ഞാപന പ്രകാരവും 01-04-2023 തീയതി പ്രാബല്യത്തിലാണ് പുതുക്കിയ നിരക്ക് പ്രകാരം വസ്തുനികുതി നിർണ്ണയിക്കേണ്ടത്. 01-04-2023 തീയതി മുതൽ 4-07-2023 വരെ പഴയ നിരക്കിലാണ് പഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ചത്. ഈ കാലയളവിൽ പഴയ നിരക്കിൽ നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി 01-04-2023

പ്രാബല്യത്തിൽ നിലവിലും പുനർ നിർണ്ണയിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	താ വിസ്തീർണ്ണം (ച.മീ)	സമ്പ്രദായത്തിൽ സൈസർ ചെയ്തത്	പഴയ നിരക്കിൽ നിർണ്ണയിച്ചത്	പുതിയ നിരക്കിൽ നിർണ്ണയിക്കേണ്ടത്
1	8/356/G	167.3	25.4.2023	പാർപ്പിടാവശ്യം	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ (300ച.മീ വരെ)
2	3/33/3	136.15	25.4.2023	പാർപ്പിടാവശ്യം	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ (300ച.മീ വരെ)
3	1/540/F	186.67	26/4/2023	പാർപ്പിടാവശ്യം	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ (300ച.മീ വരെ)
4	16/124/B	61.11	1/7/2023	പാർപ്പിടാവശ്യം	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ (300ച.മീ വരെ)
5	13/67/A	107.94	24/6/2023	പാർപ്പിടാവശ്യം	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ (300ച.മീ വരെ)

ചില കെട്ടിടങ്ങൾ അന്തിമ വിജ്ഞാപനത്തിന് ശേഷം സൈസർ ചെയ്തതാണെങ്കിലും പുതിയ നിരക്കിൽ അല്ല വാസ്തുനികുതി നിർണ്ണയിച്ചത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	താ വിസ്തീർണ്ണം (ച.മീ)	സമ്പ്രദായത്തിൽ സൈസർ ചെയ്തത്	പഴയ നിരക്കിൽ നിർണ്ണയിച്ചത്	പുതിയ നിരക്കിൽ നിർണ്ണയിക്കേണ്ടത്
1	2/430/A	121	5/7/2023	പാർപ്പിടാവശ്യം	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ(300ച.മീ വരെ)
2	20/510/A	153	5/7/2023	പാർപ്പിടാവശ്യം	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ(300ച.മീ വരെ)
3	14/198/A	214.8	3/8/2023	പാർപ്പിടാവശ്യം	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ(300ച.മീ വരെ)
4	7/269/D	100.65	14/8/2023	പാർപ്പിടാവശ്യം	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ(300ച.മീ വരെ)
5	8/565/F	72.23	8/9/2023	പാർപ്പിടാവശ്യം	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ(300ച.മീ വരെ)

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 30/29.9.2023) ലഭ്യമാക്കിയ മറുപടിയിൽ, 04/07/2023 വരെ പഴയ നിരക്കിലാണ് വാസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളതെന്നും, പഴയ നിരക്കിൽ വാസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വാസ്തു നികുതിയിൽ മാറ്റം വരുത്തുന്നതിനുള്ള സംവിധാനം സജ്ജമായിൽ ഏർപ്പെടുത്തിയിട്ടില്ലെന്നും

അറിയിച്ചു. കൂടാതെ സഞ്ചയ സോഫ്റ്റ് വെയറിൽ സംഭവിച്ച പിശകാണ് അന്തിമ വിജ്ഞാപനത്തിനു ശേഷവും കെട്ടിടത്തിന്റെ പഴയനിരക്കിൽ താരിഫാ നികുതി വരുന്നതിന് കാരണമായതെന്ന് അറിയിച്ചു. സഞ്ചയ സോഫ്റ്റ് വെയറിൽ ഡേറ്റാ ചൂതിഫിക്കേഷൻ നടത്തുന്നതിനുള്ള അനുമതി ലഭ്യമാകുന്നതനുസരിച്ച് അപാകതകൾ പരിഹരിക്കുന്നതാണെന്നും മറുപടി നൽകി. വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-13 കെട്ടിട നികുതി- സഞ്ചയ അപാകതകൾ.

കെട്ടിട നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും മസ്സാക്കി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയയിലെ ഒന്നാം വാർഡ് മുതൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല.

വാർഡ്	കെട്ടിട നമ്പർ	പേര്	പ്ലോർ ഏരിയ ച.മീ
1	60	ഫ്രാൻ ഡേവിഡ് (സീനാത്ത, മരുള്ളാർ, കോവളം പി ഒ, 695527)	150
1	156	രാജമ്മ (വാവുവിളാകത്തു വീട്, മുട്ടയ്ക്കാട്, കോവളം പി ഒ, 695527)	63
1	169/A	മോസ്കേതൻ (മരുട്ടുവിള വീട്, കോവളം)	90
1	212/A	മുഹമ്മദ് ഇക്ബാലിം (പുതോട്ടത്ത് വീട്, വെള്ളാർ, കോവളം പി ഒ, 695527)	70
1	260	വി ജോയി സുജ (വാവുവിള വീട്, മുട്ടയ്ക്കാട്, കോവളം പി ഒ,695527)	67
1	420	എഡ്വിൻ കനകരാജ് (ശാലോംപുരിവീട്, മുട്ടയ്ക്കാട്, കോവളം പി ഒ,695527)	62
1	442	സത്യരാജ ഷിബു (ഭാരാലയം, വെള്ളാർ)	81
1	455/A	വിജയൻ (ജോബിവിലാസം, മുട്ടയ്ക്കാട്, കോവളം പി ഒ, 695527)	65
1	501	കെ കെ ഷിബു (കുന്നേപറമ്പിൽ ഹൗസ്, മുട്ടയ്ക്കാട്, കോവളം പി ഒ,695527)	94.25
1	511/A	കെ ഷീല (ഷീലാ നിലയം, വെള്ളാർ, കോവളം പി ഒ, 695527)	65
1	530	ഷിജിനമോൾ (പ്രഭുത്തിവിളാകത്തുവീട്, കണ്ണാങ്കോട്, ജി.വി.രാജ റോഡ്, വെള്ളാർ, കോവളം പി ഒ, 695527)	67.5
1	604	മുഹമ്മദ്ഷെമീർ(പൂവൻവിളവീട്,മുട്ടയ്ക്കാട്,കോവളം പി ഒ,695527)	96
1	605	സനീനസദീം (പൂവൻവിളാകത്തു വീട്, കെ.എസ് റോഡ്,	139.75

		മുട്ടക്കാട്, കോവളം പി ഒ,695527), മുഹമ്മദ് ആസിഫ്.എം (പുവൻവിളാകത്തു വീട്, കെ.എസ് റോഡ്, മുട്ടക്കാട്, കോവളം പി ഒ,695527), മുഹമ്മദ് ആഷിക്.എം (പുവൻവിളാകത്തു വീട്, കെ.എസ് റോഡ്, മുട്ടക്കാട്, കോവളം പി ഒ, 695527)	
1	685	ചൊനമ്മ (വെട്ടുവിള വീട്, മൊട്ടം, കോവളം പി ഒ, 695527)	90
1	742	റ്റി ഷൈല (വെട്ടുവിള വീട്, മൊട്ടം, കോവളം പി ഒ, 695527)	65

ആയതിന് കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 06/23.5.2025) ലഭ്യമാക്കിയ മറുപടിയിൽ, കെട്ടിടങ്ങൾ ഫിൽഡ് തല പരിശോധന നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

2) ഒരേ ഉടമസ്ഥന്റെ പേരിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു.

ജി.ഒ.(എം.എസ്)144/15/തസ്വഭവ തീയതി 27.4.2015, ജി.ഒ.(എം.എസ്)358/15/തസ്വഭവ തീയതി 16.12.2015 പ്രകാരമുള്ള ഇളവ് ഒരു കുടുംബനാഥന്റെ സ്വന്തം പേരിലുള്ള ഒരു വാസഗൃഹത്തിന് മാത്രമായണ് നിശ്ചയിച്ചിട്ടുള്ളത് എന്നാൽ താഴെയുള്ള രണ്ട് വാർഡുകൾ മാത്രം പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ പേരിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു.

ക്രമ നം.	വാർഡ് /കെട്ടിട നം.	വ്യക്തിയുടെ പേര്, അഡ്രസ്സ്
1	1/414	ജയപ്രകാശ് (ജ്വലാമുഖി ഹൗസ്, കോവളം, കോവളം പി ഒ, 695527)
2	1/416	ജയപ്രകാശ് (ജ്വലാമുഖി ഹൗസ്, കോവളം, കോവളം പി ഒ, 695527)
3	5/388/A	എ. വിശ്വനാഥൻ (വിജയസദനം, മെല്ലിവിള)
4	5/389/A	എ. വിശ്വനാഥൻ (വിജയസദനം, മെല്ലിവിള)
5	9/280/A	കൃഷ്ണൻ കെ (മാവുവിളവീട്, പെരിങ്ങമ്മല, കല്ലിയൂർ പി ഒ, 695042)
6	9/283/A	കൃഷ്ണൻ കെ (മാവുവിളവീട്, പെരിങ്ങമ്മല, കല്ലിയൂർ പി ഒ, 695042)

ആയതിന് കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 06/23.5.2025) ലഭ്യമാക്കിയ മറുപടിയിൽ, കെട്ടിടങ്ങൾ ഫിൽഡ് തല പരിശോധന നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

3) കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി കുറച്ച് ഈടാക്കിയിരിക്കുന്നു.

100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി 60/- രൂപയാണ്(2023 മാർച്ച് 31 വരെ). എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 100 ചമീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ചമീറ്റർ വരെ മാത്ര വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതി 40/- രൂപ കണക്കാക്കി വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ്	കെട്ടിട നമ്പർ	ഉടമയുടെ പേര്	ഫ്ലോർ ഏരിയ ച.മീ
1	23/AC	ഡയറക്ടർ, ടൂറിസം ഡിപ്പാർട്ട്മെന്റ്	841.12
1	23/AD	ഡയറക്ടർ, ടൂറിസം ഡിപ്പാർട്ട്മെന്റ്	342.41
1	35	എച്ച് സ്റ്റുവർട്ട്	120.43
1	697	സുരേഷ്കുമാർ ടി	105
1	775	ആനന്ദകുമാർ	104
3	300	ബി ജയപ്രകാശ്	137.5
4	36	ആർ പി മഹേന്ദ്രൻ	135.67
4	39	ആർ പി മഹേന്ദ്രൻ	135.67
4	40	ആർ പി മഹേന്ദ്രൻ	135.67
4	41	ആർ പി മഹേന്ദ്രൻ	135.67
4	42	ആർ പി മഹേന്ദ്രൻ	135.67
4	109	ആർ അജിത്കുമാർ	120.6
5	36	ബി ഗോപാല പിള്ളൈ നായർ	110
9	35	പി കെ സുരേഷ് ബാബു	130
10	68	എസ് ചന്ദ്രൻ	107

ആയതിന് കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 18/27.3.2025) ലഭ്യമാക്കിയ മറുപടിയിൽ, സമയ ഡേറ്റ പ്രൂഫിഷെക്കേഷൻ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാറ്റം വരുത്തി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു.

മേൽ അപാകതകൾ പഞ്ചായത്തിലെ ഓരോ വാർഡിലെയും മുഴുവൻ കെട്ടിടങ്ങളും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

1-14 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ - അപാകങ്ങൾ.

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സമയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന ഇനത്തിൽ മാത്രം വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള 1327 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 320 സ്ഥാപനങ്ങൾ മാത്രമാണ് മജിസ്റ്റർ പ്രകാരം 2024-25 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളത്.

പഞ്ചായത്തിലെ ഹരിത കർമ്മസേന ഹരിതമിത്രം സോഫ്റ്റ് വെയറിന്റെ സഹായത്തോടെ ഫെബ്രുവരി 2025 മാസത്തിലെ യൂസർ ഫീ കളക്ഷൻ സ്റ്റേറ്റ്മെന്റ് (വി.ഇ.ഒ ലഭ്യമാക്കിയത്) പ്രകാരം യൂസർ ഫീ നൽകിയ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം 639 ആണ്. ആയതിൽ നിന്ന് മുന്നൂറിലധികം വാണിജ്യ സ്ഥാപനങ്ങൾ നിലവിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി മനസ്സിലാക്കാം.

പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലാ എന്ന് ഉറപ്പ് വരുത്തിയതിന്റെ വിശദാംശം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.

18/27.5.2025) ലഭ്യമാക്കിയ മറുപടിയിൽ വെങ്ങാനൂർ പഞ്ചായത്തിൽ വാണിജ്യ ആവശ്യത്തിന് നമ്പർ നൽകിയിരിക്കുന്ന കെട്ടിടങ്ങളിൽ നിലവിൽ പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്നറിയിച്ചു.

ഹരിത കർമ്മ സേനയുടെ യൂസർ ഫീ കാർഡ് സ്വന്തം വീടിനോട് ചേർന്ന് സ്ഥാപനം നടത്തുന്നവർക്കും വാണിജ്യ ആവശ്യത്തിനുള്ള കെട്ടിട നമ്പർ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ളതുകൊണ്ടാണ് യൂസർ ഫീ നൽകിയ സ്ഥാപനങ്ങളുടെ എണ്ണം കൂടുതൽ ആയതെന്നും, നിലവിൽ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിട നമ്പർ ഉള്ള സ്ഥാപനം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി/ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം ഏതാനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുകയാണ്.

1-15 ഹെൽത്ത് ഗ്രാന്റ് - അവലോകനം.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമിക ആരോഗ്യ പരിരക്ഷാ സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. 2021-22 മുതൽ 2025-26 കാലയളവിലാണ് ഇപ്രകാരം ഗ്രാന്റ് അനുവദിക്കുന്നത്. കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമാണ് ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്.

വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭ്യമായ തുകയുടെ വിവരങ്ങൾ (ഓഡിറ്റ് എൻക്വയറി നം. 2) ചുവടെ ചേർക്കുന്നു.

വർഷം	ആരോഗ്യ ക്ഷേമം	ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ	ബിൽഡിംഗ്സ്
2021-22	-	-	-
2022-23	311795	515053	-
2023-24	456000	1119000	2775000
2024-25	726000	467000	-

2023-24 സാമ്പത്തിക വർഷം മാത്രമാണ് ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് പദ്ധതികൾക്കായി ചെലവ് ചെയ്തിരിക്കുന്നത്. ആയതിന്റെ ചെലവ് സംബന്ധിച്ച് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ആരോഗ്യ ക്ഷേമം	ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ	ബിൽഡിംഗ്സ്	മൊത്തം ചെലവ് തുക
2023-24	665048	1435730	-	2100778
നിക്കിയിരിപ്പ് തുക (പലിശ ഉൾപ്പെടെ)	850125	711166	2900597	

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	പ്രോജക്ട്	അടങ്കൽ തുക

	256/24 സി.എച്ച്.സി വിഴിഞ്ഞം ഉപകേന്ദ്രങ്ങളിൽ പൊതിത്ത് & മെയിന്റനൻസ് പ്രോഗ്രാം	210000	209720
	257/24 സി.എച്ച്.സി വിഴിഞ്ഞം മോഗനിർണ്ണയ സംവിധാനം മെച്ചപ്പെടുത്തൽ	319591	319591
2023-24	281/24 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ മോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ (50)	119000	1116139
	282/24, ആരോഗ്യകേന്ദ്രങ്ങളിൽ മോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ	456000	453328

ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി ഉപയോഗിക്കാതെ പകരം ആദ്യത്തെ ലാപ്സായി പോകുന്നതാണ്. ആയതിനാൽ അടുത്ത സാമ്പത്തിക വർഷത്തിൽ പൊതിത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യുണ്ടതാണ്.

1-16 ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിലെ തുക ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പുസ്തികയിലെ Festival Advance (ഹെഡ് കോഡ് - 460100101) ഇനത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന 15,000/- രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/27.5.2025 ന് പൊതുഭരണ വകുപ്പ് അക്കൗണ്ടൻസ് (ബി) വകുപ്പിന്റെ 23.02.2024 ലെ സ.ഉ. (സാധാ) നം. 864/2024/GAD ഉത്തരവ് പ്രകാരം ശ്രീമതി. അശ്വതി.വി, (നിലവിൽ പൊതുഭരണ വകുപ്പിൽ സീനിയർ ഗ്രേഡ് അസിസ്റ്റന്റ്) ഗ്രാമ പഞ്ചായത്തിൽ നിന്നും ഓണം അഡ്വാൻസ് ഇനത്തിൽ കൈപ്പറ്റിയ 15,000/- രൂപ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ തുക്കി വരുത്തുന്നതിന് ഉത്തരവായിട്ടുള്ളതാണെങ്കിലും, നിരവധി ഓർമ്മപ്പെടുത്തലുകൾ നൽകിയിട്ടും നാളിതുവരെ തുടർനടപടി സ്വീകരിച്ചിട്ടില്ലെന്ന് മറുപടി നൽകി. ടി വ്യക്തി നിലവിൽ ജോലി ചെയ്യുന്ന വകുപ്പ് മേധാവിക്ക് വിവരം അറിയിച്ച്, ടിയാളിൽ നിന്നു ടി തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ തുക്കി വരുത്തി വിവരം അറിയിക്കേണ്ടതാണ്.

1-17 ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് അന്റ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു (19,46,818/-രൂപ)

(എ)

പ്രോജക്ട് നം.	30/2023
പ്രവൃത്തിയുടെ പേര്	വൈദ്യുതി ലൈൻ നീട്ടലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും
അടങ്കൽ തുക/ഫണ്ടിനം	₹2000000/- (ധനകാര്യ കമ്മീഷൻ അവാർഡ് - 119000/- തനത് ഫണ്ട് - 1514896/-)
ചെലവ് തുക	₹1633896/- (ധനകാര്യ കമ്മീഷൻ അവാർഡ് - 119000/- തനത് ഫണ്ട് - 1514896/-)
നിർവഹണം	സെക്രട്ടറി, മംഗലാപുരം ഗ്രാമപഞ്ചായത്ത്

മംഗലാപുരം ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കലും വൈദ്യുതി ലൈൻ നീട്ടലുമാണ് പദ്ധതിയുടെ ലക്ഷ്യം. 24.09.2024 തീയതിയിലെ 07(20) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ഓരോ വാർഡിലേയും പ്രവൃത്തിക്കാവശ്യമായ ഒരു എസ്റ്റിമേറ്റ് വീതം അംഗീകരിച്ചു കൊണ്ട് ഈ പദ്ധതിക്കായി തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് സെക്രട്ടറിയെ

ചുമതലപ്പെടുത്തി. അതനുസരണം കെ.എസ്.ഇ.ബി.യുടെ വിവിധ സെക്ഷനുകളിൽ വൈദ്യുത മീറ്റർ ഫ്രീക്വൻസിയും പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുമായി തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന്റെ ഭാഗമായി 07.10.2024ന് കെ.എസ്.ഇ.ബി.യുടെ വിവിധ സെക്ഷനുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

Sl. No.	Estimate/Demand No.	KSEB Section	Total Amount (₹)	Bill Number
1	AS/2022-23/4217/47	Vizhinjam	4,39,196/-	₹119000/- (150/30.06.2024) ₹320196/- (151/30.09.2024)
2	AS/2023-24/4101/117	Thiruvallam	172661/-	₹931594/- (149/30.09.2024)
3	DB/ES-BLPM/2023-24	Balaramapuram	266360/-	
4	AS/2023-24/4217/43	Vizhinjam	492573/-	
5	AS/2023-24/4546/152	Vizhinjam	92296/-	
6	DB/Demand Letter/PPS Work/2024-2025/30	Kalliyoor	17495/-	₹186908/- 156/30.09.2024
7	DB6/AE/ES/KTKL/Demand Notice/ VenganoorGP/2024-25/31	Kottukal	23068/-	
8	DB/Demand Letter/PPS Work/2024-2025/31	Vizhinjam	54049/-	
9	DBNo.6/AE/ES/KTKL/DN/ Venganoor Gp/2024-25/03	Kottukal	5132/-	₹35879/- (313/26.12.2024)
10	DB/Demand Letter/Deposit Work/2024-25/49	Kalliyoor	30747/-	
11	DB/Demand Letter/ DW/2024-25/54	Kalliyoor	38148/-	₹38148/- (395/27.01.2025)
12	DBNo.6/AE/ESE/KTKL/ Demand Notice/ VGNR/2024-25/101	Kottukal	2171/-	₹2171/- (447/15.02.2025)

കേസ് പ്രവൃത്തിക്കായി 16,33,896/- രൂപ അടയ്ക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തി നിർവ്വഹിച്ചതായുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം ആസ്പദമാക്കി നൽകിയ ഓഡിറ്റ് നിരീക്ഷണക്കുറിപ്പ് നം.12/23.05.2025ൽ കെ.എസ്.ഇ.ബി. വിഴിഞ്ഞം, കല്ലിയൂർ, കോട്ടുകാൽ, തിരുവല്ലം, പൊലോത്തുപുരം ഇലക്ട്രിക്കൽ സെക്ഷനുകളോട് ബന്ധപ്പെട്ടിരിക്കുന്ന സാക്ഷ്യപത്രവും ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാക്കിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 16,33,896/- രൂപ തടഞ്ഞുവെക്കുന്നതുണ്ട്.

(ബി)

പ്രോജക്ട് നം.	303/2025
അടങ്കൽ തുക	364543/-
പേരിനം	ഗതാഗത കമ്മിഷൻ ഗ്രാന്റ്

ചെലവ്	3,12,922/-
ബിൽ നം:	555/24.3.25

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ പെരിങ്ങമ്മല വാർഡിൽ ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് ആന്റ് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതിക്കായി 165 M പുതിയ ലൈൻ വലിക്കുന്നതിനും ആയതിനൊപ്പം 274M ലീഡർ ലൈൻ കൂടി ചേർക്കുന്നതിനുമായി കെ.എസ്.ഇ.ബി. അസി. എഞ്ചിനീയറുടെ കല്ലിയൂർ സെക്ഷനിൽ നിന്ന് എസ്റ്റിമേറ്റ് ലഭിച്ചതനുസരിച്ച 3,12,922/-രൂപ കെ.എസ്.ഇ.ബി. കല്ലിയൂർ സെക്ഷനിൽ അടുക്കിയിട്ടുണ്ട് എന്നാൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയത് സംബന്ധിച്ച വിവരങ്ങളോ പൂർത്തീകരണ സാക്ഷ്യപത്രമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ വിഷയം താൽപര്യമാക്കി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.12/23.5.2025ന് ലഭിച്ച മറുപടിയിൽ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയെങ്കിലും ആയത് ലഭിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. അതുവരെ ചെലവ് തുകയായ 3,12,922/- രൂപ തടസ്സപ്പെടുത്തുന്നു.
ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 19,46,818/- (16,33,896 + 3,12,922) രൂപ തടസ്സപ്പെടുത്തുന്നു.

1-18 കുടിവെള്ള കണക്ഷൻ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല. ചെലവ് തുക 53,824/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	34/24 (SO180/24)
പദ്ധതിയുടെ പേര്	കുടിവെള്ള കണക്ഷൻ നീട്ടൽ
അടങ്കൽ തുക	1,14,00,000/- രൂപ
ഫണ്ടിനം	ധനകാര്യകമ്മിഷൻ ഗ്രാന്റ്
ബിൽ നം.	192/28.10.2024
ചെലവ് തുക	53,824/-
നിർവ്വഹണം	സെക്രട്ടറി, വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ മുട്ടയ്ക്കാട് വാർഡിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈൻ മാറ്റി ജലക്ഷാമം പരിഹരിക്കുന്നതിനായി ആഴത്തിലുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആയതിലേക്കായി 25.05.2023ലെ 6(14) നമ്പറായി ചേർന്ന ഭരണസമിതി തീരുമാന പ്രകാരം ജലഅതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കാൻ തീരുമാനിക്കുകയും ചെയ്തു. 24.10.2024-ന് ജലഅതോറിറ്റിയുമായി കരാറിൽ ഏർപ്പെടുകയും (കരാർ നം.14/24-25/SLI-24.10.2024) 26.10.2023-ന് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 53,824/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത എസ്റ്റിമേറ്റ് അനുസരിച്ച് 53,824/-രൂപ ജലഅതോറിറ്റി വണ്ടിത്തടം സെക്ഷനിൽ അടുക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പ്രകാരമുള്ള പ്രവൃത്തി ആരംഭിച്ചതിന്റെയോ പൂർത്തീകരിച്ചതിന്റെയോ തുടർപ്രവർത്തനം സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. കൂടാതെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടില്ല. ഈ പദ്ധതിയുടെ നിലവിലെ അവസ്ഥയും അനുബന്ധവിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.7/23.05.2025-ന് ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റി വണ്ടിത്തടം സെക്ഷനിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് യാതൊരു വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രവും ഫോണ്ടിറിംഗ് റിപ്പോർട്ടും ഹാജരാക്കിയിട്ടില്ലാത്തതിനാൽ

പദ്ധതിയ്ക്കായി ചെലവഴിച്ച 53,824/- രൂപ തടസ്സപ്പെടുത്തുന്നു.

1-19 പാലിയേറ്റീവ് കെയർ വൃദ്ധപരിചരണം പദ്ധതി പ്രകാരമുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. 3,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര്	പാലിയേറ്റീവ് കെയർ വൃദ്ധ പരിചരണം
പ്രോജക്ട് നം.	60/2025
പദ്ധതി അടങ്കൽ	5,00,000/-
ചെലവ് തുക	5,00,000/-
ഫണ്ടിനം	വികസന ഫണ്ട്
ബിൽ നം:	272/16.12.2024 – 3,50,000/- 273/16.12.2024 – 49,818/- 516/18.03.2025 – 1,00,182/-
നിർവ്വഹണം	മെഡിക്കൽ ഓഫീസർ, വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്

2024-25 സാമ്പത്തിക വർഷം പാലിയേറ്റീവ് കെയർ വൃദ്ധരായ രോഗികളുടെ പരിചരണമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആയതിലേക്കായി മരുന്ന് വാങ്ങുന്നതിന് വികസനഫണ്ടിൽ നിന്ന് 5,00,000/-രൂപ പിൻവലിച്ച് 49,818/- രൂപ മെഡിഓക്ക് ഫാർമ എന്ന കമ്പനിയിൽ നിന്ന് ഉപകരണങ്ങൾ വാങ്ങുന്നതിനും (ഏയർബെഡ്, ഡയപ്പർ) 1,00,182/-രൂപ ഇ.എച്ച്.ഡി.പി) യിലും 3,50,000/- രൂപ കെ.എം.എസ്.സി. യിലും ഒടുക്കിയിട്ടുണ്ട്. ആയത് രണ്ട് സ്ഥാപനങ്ങളിൽ നിന്നുള്ള മരുന്നും ഉപകരണങ്ങളും ലഭിച്ചെങ്കിലും കെ.എം.എസ്.സി.എൽ-നിന്നുള്ള 3,50,000/-രൂപയുടെ 62 ഇനം മരുന്നുകൾ നിലവിലും ലഭിച്ചിട്ടില്ലായെന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്. ഈ വിഷയം ആസ്പദമാക്കി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.28/25 29.05.2025-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വൃദ്ധരായ കിടപ്പ് രോഗികളുടെ ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്ന വിഷയത്തിൽ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ആരോഗ്യവിഭാഗം ഉടൻ പുലർത്തേണ്ടതും മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

1-20 ഗുണഭോക്താക്കൾ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന ബാങ്ക് അക്കൗണ്ട് നമ്പറുകളിലാതെ മറ്റ് അക്കൗണ്ട് നമ്പറുകളിലേക്ക് തുകകൾ കൈമാറി

പദ്ധതി നമ്പർ : 30
പദ്ധതിയുടെ പേര് : ഹരിത ഭവനം
അടങ്കൽ തുക : 1,79,450/-
ചെലവ് തുക : 1,49,700/-
ഫണ്ടിനം : വികസന ഫണ്ട് (ജനറൽ) : 70,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ
ബില്ലാ പഞ്ചായത്ത് : 70,000/-
മറ്റുള്ളവ : 9,700/-
ബില്ല് നമ്പർ/തീയതി/തുക : 462/10.03.2025, 70,000/- (എ.സി.മുറി)
മേൽ വിവരിച്ച പദ്ധതിയിൽ ഗുണഭോക്താക്കൾ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന ബാങ്ക് അക്കൗണ്ട് നമ്പറുകളിലാതെ മറ്റ് അക്കൗണ്ട് നമ്പറുകളിലേക്ക് തുകകൾ കൈമാറി. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പേര്	അപേക്ഷയിലെ	തുക കൈമാറിയ	തുക

	ബാങ്ക് അക്കൗണ്ട് നമ്പർ	ബാങ്ക് അക്കൗണ്ട് നമ്പർ	
സുനിൽ കുമാർ എസ്	40638101037395	67063225866	4,413
സുകുമാരൻ കെ	40379101074057	57040919321	4,413
രാജൻ ടി	40370101081482	67073291677	4,413

ഇങ്ങനെ സംഘടിക്കുവാൻ ഇടയായ സാഹചര്യം അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/27.05.2025) മറുപടിയായി സാംപ്രതിക് ഗോത്തെ മാപ്പ് ചെയ്തിട്ടുള്ള അപേക്ഷകരുടെ അക്കൗണ്ട് നമ്പറിലേക്കാണ് തുക കൈമാറിയതെന്ന് മറുപടി നൽകി. അപേക്ഷകരുടെ പേരിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് നമ്പരുകൾ ഉണ്ടായിരിക്കുന്ന സാഹചര്യങ്ങളിൽ അപേക്ഷയിൽ ആവശ്യപ്പെടുന്ന അക്കൗണ്ട് നമ്പരുകളിൽ തുക കൈമാറാൻ ശ്രദ്ധിക്കേണ്ടതും തുക കൈപ്പറ്റി എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പിക്കേണ്ടതുമാണ്.

1-21 വില നൽകിയിട്ടും ഹോംകോ ഹോമിയോ മരുന്നുകൾ ലഭ്യമാക്കിയില്ല - 41,943/- രൂപയുടെ ചെലവ് തുക തടഞ്ഞുവെപ്പിക്കുന്നു

പദ്ധതി നമ്പർ : 18
പദ്ധതിയുടെ പേര് : വെങ്ങാനൂർ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക : 2,50,000
ചെലവ് തുക : 2,50,000
ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ/തീയതി/തുക : 299/20.12.2024

മേൽ വിവരിച്ച പദ്ധതിയിൽ മരുന്നുകളുടെ വില നൽകിയിട്ടും ചുവടെ വിവരിക്കും പ്രകാരമുള്ള തുകയ്ക്കുള്ള മരുന്നുകളാണ് നാളിതു വരെ ലഭ്യമാവാതിരിക്കുന്നത്.

ഇൻവോയ്സ് നം.	തീയതി	തുക
എൽ.എച്ച്. 2635	20.02.2025	1,35,902

1,14,098/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാകുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/27.05.2025) മറുപടിയായി മരുന്ന് വിതരണക്കാരായ ഹോംകോയെ ഈ കാര്യം അറിയിച്ചുവെന്നും ഇൻവോയ്സ് നമ്പർ എൽ.എച്ച്.251 തീയതി 22.03.2025 പ്രകാരം 72,153/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കിയെന്ന് അറിയിച്ചു. വില പൂർണ്ണമായും നൽകിയിട്ടും മരുന്നുകൾ ലഭ്യമാകാത്തിരിക്കുന്നതിന് സ്വീകരണമില്ല. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഈ കാര്യത്തിൽ ഉണ്ടാകേണ്ടതും മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കുന്നതുവരെ ലഭ്യമാകാനുള്ള മരുന്നുകളുടെ ചെലവ് തുകയായ 41,943/- രൂപ തടഞ്ഞുവെപ്പിക്കുന്നു.

1-22 ലൈഫ് ഭവന നിർമ്മാണം (എസ്.സി.) ആദ്യ ഗഡു കൈപ്പറ്റിയിട്ടും പണി ആരംഭിച്ചിട്ടില്ല.

പ്രോജക്ട് നം.	S031/25
പ്രോജക്ടിന്റെ പേര്	ലൈഫ് ഭവന നിർമ്മാണം (എസ്.സി.)
നിർവ്വഹണം	വി.ഇ.ഒ. നോർത്ത് സർക്കിൾ
അടങ്കൽതുക	2,00,00,000/-
ചെലവ്	86,18,847/-

ഫണ്ട് വിഹിതം വികസന ഫണ്ട് (എസ്.സി.പി)	3066000/- (ബിൽ നം. (1) 59/09.07.2024 – 14,66,000/-) (ബിൽ നം. (2) 60/09.07.2024 – 16,00,000/-)
സംസ്ഥാന വിഹിതം	8,85,000/-
വായ്പ	31,22,847/-
ബ്ലോക്കിൽ നിന്നും ലഭ്യമായ തുക	15,45,000/-

2024-25 വർഷം ഈ പദ്ധതിയിലെ 50 ഗുണഭോക്താക്കളാണ് വീട് നിർമ്മിക്കുന്നതിനായി കരാറിൽ ഏർപ്പെട്ടത്. ആദ്യ ഘട്ടത്തിനകം വീട് നിർമ്മിക്കാം എന്ന കരാറിലെ വ്യവസ്ഥ പ്രകാരം ആദ്യ ഗഡു (40,000/-രൂപ) മുൻകൂറായി നൽകുന്നു. തദ്വർഷം കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു കൈപ്പറ്റിയ ശേഷം മൂന്ന് ഗുണഭോക്താക്കൾ വീണ്ടും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായി ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്.

പ്രസ്തുത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	വിലാസം	എഗ്രിമെന്റ് തീയതി	കൈപ്പറ്റിയ തുക	കൈപ്പറ്റിയ തീയതി	നിലവിലെ സ്ഥിതി
1	പ്രഭാകരൻ കെ.	തോളിയാതലേ പുതുതൻവീട്, മുതുകോടുകോണം, ഓവതി വീട്	17/08/2023	40000	10/07/2024	ലഭ്യമല്ല
2	രാജേഷ് എസ്.കെ.	തിരുവിള വീട്, പനയ്ക്കോട്	18/09/2023	40000	10/07/2024	ലഭ്യമല്ല
3	ഉഷകുമാരി	കാട്ടുകുളം പടിഞ്ഞാറ് വീട്, വെള്ളിയൂർ	18/12/2023	40000	10/07/2024	ലഭ്യമല്ല
4	മനോജ്കുമാർ.	വടക്കേപ്ലാവിള വീട്, മുട്ടയ്ക്കാട്, കോവളം പി.ഒ.	21/02/2024	40000	10/07/2024	ലഭ്യമല്ല
5	മഞ്ജു വി.എം.എസ്.	വലിയവിള മേക്കതകത്ത് വീട്, തുമ്പിളിയോട്	14/08/2024	40000	30/08/2024	ലഭ്യമല്ല
6	സുലേഖ	ഗോകുലം, മുട്ടയ്ക്കാട്	31/10/2024	40000	26/11/2024	ലഭ്യമല്ല

മേലഹ് ഗുണഭോക്താക്കൾ തുക കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കണമെന്ന് കരാറിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിരിക്കെ ആദ്യഗഡു കൈപ്പറ്റി ഇന്നിയും പണി തുടങ്ങാത്തവർക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 13 തീയതി 24.05.2025 -ന് പണി ആരംഭിക്കാത്ത ഗുണഭോക്താക്കൾക്ക് എത്രയും വേഗം പണി പൂർത്തിയാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും, സാമ്പത്തിക ബുദ്ധിമുട്ട് കാരണമാണ് ഇവർ പണി ആരംഭിക്കാതിരുന്നതെന്നും ഈ വിഷയം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 ബഡ്സ് സ്കൂൾ - പ്രവർത്തനാവലോകനം

(ഓഡിറ്റ് എൻക്വയറിക്ക് (നം. 25 തീയതി: 25/05/2025) ലഭ്യമായ മറുപടിയുടെയും 28/05/2025 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ഗ്രാമ പഞ്ചായത്തുകളിൽ "ബഡ്സ്" മാതൃകയിൽ സ്പെഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിനും ബഡ്സ് സ്കൂളുകൾക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ഘടകങ്ങളെക്കുറിച്ചും സ.ഉ(എം.എസ്) നം. 148/09/തസ്വഭവ തീയതി:29/07/2009 പ്രകാരം സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ബഡ്സ് മാതൃകയിൽ മാനസിക വെല്ലുവിളി നേരിടുന്നവർക്കായി പ്രത്യേക വിദ്യാലയങ്ങളും കേന്ദ്ര സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് 2007 ലാണ് സർക്കാർ ഉത്തരവു പ്രകാരം അനുമതി നൽകിയിട്ടുള്ളത്. എന്നാൽ വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിൽ അതിനു മുൻപ് 2004 ൽ കുടുംബശ്രീയുടെ സഹകരണത്തോടെ ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനം നേരിട്ട് ആരംഭിച്ച താലൂക്കിലെ ആദ്യത്തെ സ്പെഷ്യൽ സ്കൂൾ എന്ന പ്രത്യേകതയും ഈ സ്കൂളിനുണ്ട്. ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിലാണ് (ഇടുവ) സ്കൂൾ പ്രവർത്തിക്കുന്നത്. ആദ്യകാലത്ത് ആരംഭിച്ച ബഡ്സ് സ്കൂൾ ആയതിനാൽ തന്നെ സമീപ പ്രദേശത്തെ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കുട്ടികളും ഇവിടെ പഠിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 38 സെന്റ് സ്ഥലത്താണ് സ്കൂൾ കെട്ടിടം സ്ഥിതി ചെയ്യുന്നത്. 2009 ൽ സ്കൂളിന് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

സ്കൂളിലേക്ക് പ്രവേശിക്കുന്നതിന് റോഡ് സൗകര്യം ലഭ്യമാണ്. 7 ക്ലാസ് മുറികളുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മൂന്ന് ടോയ്ലറ്റുകൾ വീതം (ആകെ -6) ഉണ്ട്. പ്രത്യേകം രക്ഷണ മുറി ഇല്ല. തൊഴിൽ പരിശീലനത്തിനായി മുകളിലത്തെ നിലയിലെ ഹാളിൽ ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ആവശ്യത്തിന് ഫർണിച്ചറുകളും തൊഴിൽ പരിശീലന ഉപാധികളും, ഫിസിയോതെറാപ്പി ഉപകരണങ്ങളും ലഭ്യമായിട്ടുണ്ട്. നിലവിൽ സ്കൂളിന് സ്വന്തമായി വാഹനം ഇല്ല. വാടകയ്ക്ക് എടുത്തിട്ടുള്ള 17 സീറ്റിംഗ് കപ്പാസിറ്റിയുള്ള വാഹനമാണ് ഉപയോഗിക്കുന്നത്. 18 വയസിനു താഴെയുള്ള കുട്ടികൾ 12 പേരാണ് ഉള്ളത്. ബാക്കിയുള്ള 42 പേരും പതിനെട്ടുവയസ്സിനു മുകളിലുള്ളവരാണ്. മുതിർന്ന കുട്ടികൾക്കായി സർക്കാർ നിർദ്ദേശപ്രകാരമുള്ള ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് അംഗീകാരം ലഭിക്കുന്നതിനായി 2024 നവംബറിൽ സാമൂഹ്യ നീതി വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ട്. ആയതു സംബന്ധിച്ച ഉത്തരവ് ലഭ്യമായിട്ടില്ല. തുടർ നടപടികൾ നടന്നുവരുന്നു.

നിലവിൽ മാസത്തിൽ ഒരു ദിവസം ഹോമിയോ ഡോക്ടറുടെ സേവനം ലഭ്യമാകുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം മുതൽ ആഴ്ചയിൽ രണ്ടു ദിവസം എന്ന ക്രമത്തിൽ സ്പീച്ച് തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമായിട്ടുണ്ട്. ഹോമിയോ ആശുപത്രിയുടെ കീഴിൽ തുടങ്ങി പ്രവർത്തിക്കുവാൻ ബന്ധപ്പെട്ട യോഗ ഇൻസ്ട്രക്ടറുടെ സേവനം ആഴ്ചയിൽ രണ്ടു ദിവസം ലഭ്യമാകുന്നുണ്ട്. വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വളരെ അടിയന്തരമായി ചെയ്യപ്പെടേണ്ട സേവനം ബഡ്സ് സ്കൂളിനു ലഭ്യമാക്കുന്ന ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്.

സ്കൂളിനെ സംബന്ധിച്ച മറ്റു ചില വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബഡ്സ് സ്കൂൾ ആരംഭിച്ചത്	2004 ആഗസ്റ്റ് 16		
കെട്ടിടത്തിന്റെ വിസ്തീർണം	3600 Sq.Ft		
ആകെ കുട്ടികൾ (അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം (2024-25)	54	ആൺ- 36	18 വയസിനു താഴെ -9
			18 വയസിനു മുകളിൽ -27
		പെൺ -18	18 വയസിനു താഴെ -3

			18 വയസിനു മുകളിൽ -27
ക്ലാസ്സ് മുറികളുടെ എണ്ണം	7		
ബധിർ സ്കൂൾ ഒക്കുപ്പേഷനിന് അവസാനമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചത്	16/03/2024		
വാഹന സൗകര്യം ഉപയോഗിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം	50		
വാഹനത്തിന്റെ വിശദാംശം	KL 20 P 9413		
നിലവിലുള്ള അധ്യാപകരുടെ എണ്ണം (31.03.2025)	5		
അധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത	ബി.എഡ്		
	ജനറൽ എസ്		
	ടിടിസി എൽ.എസ്		
	സ്പെഷ്യൽ ട്രെയിനിംഗ്		
	ജെ.വി.ടി		
നിലവിലുള്ള ആയമാരുടെ എണ്ണം (31.03.2025)	4	ആയ -3 ഹൗസ്കീപ്പർ -1	
പാചകക്കാരുടെ എണ്ണം (31.03.2025)	1		
	1		
2024-25 ലെ അധ്യാപക വിദ്യാർത്ഥി അനുപാതം	8:1	18 വയസിനു താഴെയുള്ളവർ	
	15:1	18 വയസിനു മുകളിലുള്ളവർ	
ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, മെഡിക്കൽ ഓഫീസർ, തുടങ്ങിയവരുടെ സേവനവിവരം രേഖപ്പെടുത്തിയ മെമ്മോ സൂക്ഷിച്ചിട്ടുണ്ട്			
നിലവിലുള്ള ടീച്ചർ /ആയമാർക്ക് നൽകുന്ന പ്രതിമാസ വേതനം	ടീച്ചർ 32560/- രൂപ	ആയ 18390/- രൂപ	
2024-25 വർഷത്തിൽ ബധിര സ്കൂളിന് ലഭിച്ച ഫണ്ടുകളുടെ വിവരം നോൺ പ്ലാൻ ഫണ്ട്	നോൺപ്ലാൻ ഫണ്ട്	അടങ്കൽ 1069304/- രൂപ	ചെലവ് 1069144/- രൂപ
	പ്ലാൻ ഫണ്ട്	അടങ്കൽ 1130696/- രൂപ	ചെലവ് 1130696/- രൂപ
	ബധിര സ്കൂൾ വരവ്		മറ്റ് ചെലവുകൾ

	ഗ്രാന്റ്	500000/- രൂപ	137207/- രൂപ

നിർദ്ദേശങ്ങൾ

1) 28/05/2024 ന് നടത്തിയ സ്ഥല പരിശോധനയിൽ ബഡ്സ് സ്കൂളിന്റെ മുകളിലത്തെ നിലയിൽ വൊക്കേഷണൽ ട്രയിനിംഗിനായി ഉപയോഗിക്കുന്ന ഹാളിലെ സീലിംഗ് കുറെ ഭാഗം പൊളിഞ്ഞുപോയിട്ടുണ്ട്. നിലവിൽ സീലിംഗ് അടർന്നുവീണുകൊണ്ടിരിക്കുന്ന സ്ഥിതിയിലാണ്. കുട്ടികൾക്ക് അപകടം ഉണ്ടാക്കുന്നതിനു മുൻപ് ആയത് നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2) പെയിന്റിംഗ് ഉൾപ്പെടെയുള്ള നവീകരണ പ്രവൃത്തികൾ ഉടനെ സ്കൂൾ പരിസരവും കെട്ടിടവും കൂടുതൽ മനോഹരമാക്കേണ്ടതാണ്.

3) ഉപയോഗ ശൂന്യമായ പഴയ ബഡ്സ് സ്കൂൾ വാഹനം സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ പാലിച്ച് ലേലം/കണ്ടം ചെയ്യേണ്ടതാണ്.

4) ഉപയോഗ ശൂന്യമായ പഴയ ഇരുമ്പു ഉപകരണങ്ങൾ, വീൽ ചെയറുകൾ തുടങ്ങിയ പഴയ വസ്തുക്കൾ എന്നിവ പരിസരത്തു ഷെഡിലും മറ്റുമായി കൂട്ടിയിട്ടിരിക്കുന്നത് നടപടി ക്രമങ്ങൾ പാലിച്ച് ലേലം ചെയ്യേണ്ടതാണ്.

5) ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ഏകദേശം 2020-21 കാലയളവുവരെ പഞ്ചായത്ത് ലഭ്യമാക്കിയിരുന്നു. നിലവിൽ ആയത് ലഭ്യമാകുന്നില്ല. ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ആവശ്യമുള്ള കുട്ടികൾക്ക് ആയത് ലഭ്യമാക്കുന്നത് ഉചിതമായിരിക്കും.

6) ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ CSR ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ചു നൽകിയ കെട്ടിടം പണി പൂർത്തിയായെങ്കിലും ആയത് നാളിതുവരെ ഉദ്ഘാടനം ചെയ്ത് ഉപയോഗപ്രദമാക്കിയിട്ടില്ല. ആയത് മുന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.



1-24 പാഠേയം പദ്ധതി - 97.920/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ചെലവു തടസ്സപ്പെടുത്തുന്നു.

1) പ്രോജക്ട് നമ്പർ - 9/2025

പേര് - പാഠേയം

നിർവഹണം - താലൂക്ക് സപ്ലൈ ഓഫീസർ

അടങ്കൽ -633880/- (508080/-വികസനഫണ്ടിനത്തിൽ & 145800/- ജില്ലാപഞ്ചായത്ത് വിഹിതം)

ചെലവ് - 495320/- (വികസനഫണ്ട്)

വയോജനങ്ങൾക്ക് മാത്രമായുള്ള പാർക്ക് ചെയ്ത കേരളം കുടുംബശ്രീ മുഖാന്തിരം

ലഭ്യമാക്കാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 45 അംഗങ്ങളാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. 2023-24 ലെ ലിസ്റ്റ് മാറ്റമൊന്നുമില്ലാതെ 25/05/2024 ലെ കമ്മിറ്റി അംഗീകരിച്ചു. 2024-25 ലേക്കായി നൽകിയിട്ടുണ്ട്. ഇതിൽ 17 ഗുണഭോക്താക്കളെയാണ് ജില്ലാപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ളത്. ഒരു ദിവസം 40/- രൂപ നിരക്കിൽ പ്രസ്തുത ഗുണഭോക്താക്കളുടെ 40% തുക ഗ്രാമപഞ്ചായത്തും 60% തുക ജില്ലാ പഞ്ചായത്തും നൽകുന്നു. ബാക്കി 28 പേരുടെയും പൂർണമായ ചെലവു തുക ഗ്രാമപഞ്ചായത്ത് നേരിട്ടു ചെലവഴിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 28 ഗുണഭോക്താക്കൾക്കായി 3,97,400/- രൂപ ഈയിനത്തിൽ ഗ്രാമപഞ്ചായത്ത് നേരിട്ട് കുടുംബശ്രീ മുഖാന്തിരം ചെലവഴിക്കുകയും 97,920/- രൂപ ജില്ലാപഞ്ചായത്തിന് വികസനഫണ്ട് അലോട്ട്മെന്റ് പ്രകാരം കൈമാറുകയും ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ വിഹിതം 97,920 /- രൂപ ജില്ലാ പഞ്ചായത്തിനു നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിനു കൈമാറിയ തുകയായ 97,920/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4 തീയതി. 22/05/2025) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. ആയതിനാൽ ജില്ലാ പഞ്ചായത്തിനു കൈമാറിയ തുകയായ 97,920/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-25 ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി-സ്റ്റോർ പർച്ചേസ് മാന്വൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പദ്ധതി നം	288/2024-25 (സ്പിൽ ഓവർ)	
പദ്ധതിയുടെ പേര്	ജീവിതശൈലി രോഗ നിയന്ത്രണ പരിപാടി	
അടങ്കൽ	2,00,000/-	
ചെലവ്	2,00,000/-	
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	
ഫണ്ടിനം	മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)	
ബിൽ നമ്പർ	141/24-09-2024	40000
	142/24-09-2024	20000
	143/24-09-2024	50000
	144/24-09-2024	50700
	152/20-09-2024	39300

ഈ പദ്ധതിയിൽ ബിൽ നം. 152 DT 30.09.2024 പ്രകാരം ബോർഡ് പ്രിന്റിംഗിന് 39,300/- രൂപ M/s. Mahima Advertising ന് നൽകിയിട്ടുണ്ട്. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 25,000/- രൂപക്ക് മുകളിലുള്ള പർച്ചേസിന് ടെൻഡർ വിളിക്കേണ്ടതുണ്ട് (G.O.(P) No.239/2010/LSGD Dated 08.11.2010). ടെൻഡറിന്റെ വിശദാംശം ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ : 28/2024-25 ക്ക് ആയതിന്റെ വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. ടെൻഡറിന്റെ വിശദാംശം ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-26 വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ-ഗുണഭോക്താക്കൾ എസ്.സി. വിഭാഗമാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പദ്ധതി നം.	77/2024-25
പദ്ധതിയുടെ പേര്	വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ

	വാരത്ത്	
നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	
അടങ്കൽ	3,00,000/-	
ചെലവ്	2,72,278/-	
ഫണ്ടിനം	എൻ.സി.പി. ഫണ്ട്	
ബിൽ നമ്പർ	446/14-02-2025	38098
	453/19-02-2025	46570
	515/18-03-2025	45000
	548/24-03-2025	142000
	570/24-03-2025	610
	586/28-03-2025	4000

വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാരത്ത് പദ്ധതി എസ്.സി.പി ഫണ്ട് വിനിയോഗിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ഈ പദ്ധതിയിലെ ഗുണഭോക്തക്കൾ എസ്.സി വിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഒന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ പ്രസ്തുത പ്രോജക്ടിന്റെ ചെലവ് സൂചിക ചെലവ് പട്ടിക പ്രകാരവും എ.സി.ആർ. ബിൽ പ്രകാരവും പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ : 21/2024-25 ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾ എസ്.സി. വിഭാഗക്കാരാണന്ന് തെളിയിക്കുന്ന അനുബന്ധ രേഖകൾ ഉടനെ ഓഡിറ്റിന് ഹാജരാക്കാമെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-27 പാലിയേറ്റിവ് കെയർ പദ്ധതി-മരുന്ന് ലഭ്യമാക്കിയില്ല - 47,144/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

പദ്ധതി നം.	187/2024-25 (സ്പിൽ ഓവർ)	
പദ്ധതിയുടെ പേര്	പാലിയേറ്റീവ് കെയർ	
അടങ്കൽ	2,80,429/- (വി.ഹ.ഇ. - 2,80,194/-, മറ്റുള്ളവ – 135/-)	
ചെലവ്	2,79,288/- (വി.ഹ.ഇ)	
നിർവഹണ ഉദ്യോഗസ്ഥർ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	
ഫണ്ടിനം	വികസന ഫണ്ട്-പൊതു വിഭാഗം	
ബിൽ നമ്പർ/തീയതി	10/16-05-2024	215718
	40/27-06-2024	5920
	50/28-06-2024	39120
	110/06-09-2024	5000
	274/16-12-2014	7000
	367/17-01-2025	6530

പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി 10/16-05-2024 ബിൽ നമ്പർ പ്രകാരം 2,15,718/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും 1,68,574/- രൂപയുടെ മരുന്നുകൾ മാത്രമേ സ്റ്റോക്ക് തീയതി വരെ ലഭ്യമായിട്ടുള്ളൂ. ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻക്വയറി നമ്പർ : 28/2024-25 പ്രകാരം നൽകിയതിന് 2,15,718/- രൂപയുടെ ബില്ലിൽ 1,68,574/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ടെന്നും ബാലൻസ് തുകക്കുള്ള മരുന്ന് ലഭ്യമാകാതെന്ന് കാത്തിരിക്കുകയും സമയപ്പെടുകയും അറിയിച്ചിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കി. ആവശ്യപ്പെടുന്ന മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കണമെന്നും ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിച്ച് തുടർന്നും ഒഴിവാക്കേണ്ടതാണ്.

1-28 മരാമത്ത് പ്രവൃത്തികൾ - നെയിം ബോർഡ് സ്ഥാപിക്കാതെ നെയിംബോർഡിന് തുക നൽകി

1) പ്രോജക്ട് നം. 216/25 നെല്ലിവിള മാർക്കറ്റ് കടമുറികളുടെ നവീകരണം

അടങ്കൽ : 2,00,000/- രൂപ (തനതുഫണ്ട്)

ചെലവു തുക : 1,15,739/- രൂപ

ചെക്ക് നമ്പർ 005209, തീയതി 20/01/2025 (LGTSB അക്കൗണ്ട്)

നെല്ലിവിള മാർക്കറ്റിലെ തനതു വകയിലുള്ള 10 കടമുറികളുടെ നവീകരണത്തിനായി തനതു ഫണ്ടിൽ നിന്നും 115739/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് എം.ബുക്ക് പ്രകാരം മെഷ്വർ നമ്പർ 5 പ്രകാരം 2000/- രൂപ സൂചന ബോർഡിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ 28/05/2025 ന് എൽഎസ്ജിഡി ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ സൂചന ബോർഡ് ഉണ്ടായിരുന്നില്ല.

2) പ്രോജക്ട് നം. 223/25 അമ്പലത്തറയിൽ മാവുവിള റോഡ് റീടാറിംഗ് ബിം കോൺക്രീറ്റിംഗ് വാർഡ് -9

അടങ്കൽ : 9,07,405/-രൂപ(റോഡ് ഫണ്ട് – 7,47,405/- രൂപ, തനതുഫണ്ട് – 1,60,000/- രൂപ)

ചെലവു തുക : 9,07,237/-രൂപ (റോഡ്ഫണ്ട് – 7,47,405/-രൂപ, തനതുഫണ്ട്- 1,59,832/- രൂപ)

ബിൽ നമ്പർ - 24020453009101717527, തീയതി : 26/03/2025

ചെക്ക് നം - 000311 : തീയതി : 26/03/2025 (Kerala Bank)

മേൽ പ്രോജക്ട് പ്രകാരം പ്രവൃത്തി നിർവഹിച്ചതിൽ നെയിംബോർഡിന് 2364/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനാ സമയത്ത് പ്രസ്തുത നെയിം ബോർഡ് സൈറ്റിൽ ഉണ്ടായിരുന്നില്ല.

സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് എൻക്വയറി (നം. 31 തീയതി: 29/05/2025) നൽകിയതിനെ തുടർന്ന് രണ്ട് പ്രവൃത്തികളിലെയും നെയിംബോർഡ് സ്ഥാപിച്ച് ആയതിന്റെ ഫോട്ടോ ഓഡിറ്റിനു ലഭ്യമാക്കി. രണ്ടു പ്രവൃത്തികളാണ് സ്ഥലപരിശോധന നടത്തിയത്. പ്രസ്തുത രണ്ടു പ്രവൃത്തിയിലും നെയിംബോർഡ് സ്ഥാപിച്ചിട്ടില്ലായിരുന്നു. എം.ബുക്ക് പ്രകാരമുള്ള എല്ലാ ഇനങ്ങളും നിർവഹിച്ചിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താതെയാണ് തുക അനുവദിച്ചിട്ടുള്ളതെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. തുക അനുവദിക്കുന്നതിനു മുൻപ് ചെക്ക് ലെഷർ ചെയ്യുമ്പോൾ എല്ലാ ഇനങ്ങളും പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

1-29 നെല്ലിവിള മാർക്കറ്റിൽ കെട്ടിട നിർമ്മാണം - നിഷ്ക്രിയ ആസ്തിയായി തുടരുന്നു - 9,73,611/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം : 210/2025 (സ്പിൽ ഓവർ) നെല്ലിവിള മാർക്കറ്റ് നവീകരണം

അടങ്കൽ : 10,68,134/- (CFC ഗ്രാന്റ്)

ചെലവ് : 9,73,611/-

നിർവഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

നെല്ലിവിള മാർക്കറ്റ് നവീകരണം എന്ന 210/2023 (സ്പിൽ ഓവർ) പ്രോജക്ട് പ്രകാരം നെല്ലിവിള പബ്ലിക്ക് മാർക്കറ്റിൽ രണ്ട് കടമുറികളും ഒന്നാം നിലയിൽ ഒരു ഓഫീസ് റൂമും ഉൾപ്പെടുന്ന കെട്ടിടവും നിർമ്മിച്ചിട്ടുണ്ട്. മതിവർക്കം 9,73,611/- രൂപയും (ബിൽ നം. 24020452009100630859, തീയതി. 05/09/2024) 2023-24 സാമ്പത്തിക വർഷം 7,61,873/- രൂപയും (ബിൽ നം. 22020452069101423549. തീയതി 21/03/2023) ചേർത്ത് ആകെ 17,35,484/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് അധികവിഹിതം ട്രഷറി മുഖാന്തിരം ലഭിച്ചത്) ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പഴയ കടമുറികൾ പൊളിച്ചാണ് പ്രസ്തുത കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. കെട്ടിത്തിന്റെ ഇലക്ട്രിഫിക്കേഷൻ ഒഴികെയുള്ള പ്രവൃത്തികളാണ് ഈ പദ്ധതിയിലൂടെ പൂർത്തിയാക്കിയിട്ടുള്ളത്. 2025-26 ൽ മറ്റൊരു പ്രോജക്ട് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായി മുപ്പികരിച്ചിട്ടുണ്ട്. കെട്ടിടം പൂർത്തിയാക്കിയെങ്കിലും നിലവിൽ ഉപയോഗിക്കാതെ അടച്ചിട്ടിരിക്കുന്നു.

നെല്ലിവിള മാർക്കറ്റിൽ നിലവിൽ 4 കടമുറികളും 6 കടമുറികളും ഉള്ള മറ്റു രണ്ടു കെട്ടിടങ്ങൾ ഉള്ളതിൽ രണ്ടു കടമുറികളിൽ പോസ്റ്റ് ഓഫീസ് പ്രവർത്തിക്കുന്നു. മറ്റുള്ള 8 കടമുറികൾ വാടകയ്ക്ക് നൽകാതെ നിഷ്ക്രിയ ആസ്തിയായി നിലകൊള്ളുന്നു. രണ്ടു വർഷം മുൻപ് നിർമ്മിച്ച ടേക്ക് എ ബ്രേക്ക് സമുച്ചയം ജല ലഭ്യത ഇല്ലാത്തതിനാൽ ഒരു ദിവസം പോലും വാടകയ്ക്ക് ഉപയോഗിച്ചിട്ടില്ല. നിലവിൽ ചപ്പുചവറുകൾ നിറഞ്ഞ് പ്രവേശിക്കാനാവാത്തവിധം നിഷ്ക്രിയ ആസ്തിയായി തുടരുന്നു. അതിനടുത്തായി രണ്ട് ടോയ്ലറ്റുകൾ അതിനു മുൻപ് നിർമ്മിച്ചുവെയും ഉപയോഗിച്ചിട്ടില്ല. കൂടാതെ ഇതോട്ടുത്തായി നിർമ്മിച്ചിട്ടുള്ള രണ്ടു മുറികളുള്ള മറ്റൊരു കെട്ടിടവും താല്പര്യ വരെ ഉപയോഗിച്ചിട്ടില്ല. മറ്റൊരു കെട്ടിടം ഏക്കോഷോപ്പ് ബയോഫാർമസി എന്ന് ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല. ഈ ആറു കെട്ടിടങ്ങളും ചപ്പുചവറുകൾ നിറഞ്ഞ് കാടുകയറി കെട്ടിടത്തിനുള്ളിൽ പ്രവേശിക്കാനാകാത്ത വിധം അവശേഷിച്ചിരിക്കുന്നു. പുതുതായി നിർമ്മിച്ച കെട്ടിത്തിന്റെ പുറകു വശവും പൂർണമായും കാടുപിടിച്ച നിലയിലാണ്. ഇപ്രകാരം നിലവിലെ 4 കെട്ടിടങ്ങളും ടേക്ക് എ ബ്രേക്കും മറ്റു രണ്ടു ടോയ്ലറ്റുകളും നിഷ്ക്രിയ ആസ്തിയായി തുടരവെ 17,35,484 /- രൂപ ചെലവഴിച്ച് അവിടെ വീണ്ടും കെട്ടിട നിർമ്മാണം നടത്തിയത് എന്തടിസ്ഥാനത്തിനാണെന്നു വ്യക്തമല്ല. നെല്ലിവിള മാർക്കറ്റ് എന്നാണ് വിളിപ്പേര് എങ്കിലും ഇവിടെ മാർക്കറ്റ് പ്രവർത്തിക്കുന്നില്ല. ആയതിനാൽ ജനങ്ങളാരും പ്രവേശിക്കാത്ത ഒരിടമായാണ് മാർക്കറ്റ് നിലകൊള്ളുന്നത്. നിലവിലുള്ള രണ്ട് കെട്ടിടങ്ങളിലെ കടമുറികൾ പെയിന്റ് ചെയ്യുന്നതിനും പ്രസ്തുത കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് ചെയ്യുന്നതിനുമായി

പ്രോജക്ട് നം : 216/25 പ്രകാരം 1,15,739/- രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടം നവീകരിച്ചെങ്കിലും കടമുറികൾ വാടകയ്ക്ക് നൽകാൻ സാധിച്ചിട്ടില്ല. ടി പദ്ധതി ഇപ്രകാരം നിഷ്ക്രിയ ആസ്തിയായി ഉപേക്ഷിക്കപ്പെടാൻ ഇടയായത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31 തീയതി : 29/05/2025) പദ്ധതി ഉടനെ പ്രയോജനകരമാക്കുന്നതാണ് എന്ന് മാപടി നൽകി. ജനങ്ങൾക്ക് പ്രയോജനകരമായ പദ്ധതികൾക്കായി ഉപയോഗിക്കപ്പെടേണ്ട ഫണ്ട് ഇപ്രകാരം അവശ്യകത നിർണയിക്കാതെ ആസ്തി നിർമ്മിച്ചു നിഷ്ക്രിയമായി ഉപേക്ഷിക്കുന്നത് ഫണ്ടിന്റെ ശുദ്ധവിനിയോഗമായി വിലയിരുത്തുന്നു. മെല്ലിവിള മാർക്കറ്റിൽ നിർമ്മിച്ചിട്ടുള്ള ആസ്തികൾ 5 കെട്ടിടങ്ങളും ടേക്ക് എ ബ്രേക്കും മറ്റ് രണ്ടു ടോയ്ലറ്റുകളും പ്രവർത്തനക്ഷമമാക്കണമെന്നാണ്. പ്രവർത്തനക്ഷമമാക്കാൻ സാധിക്കാത്ത പക്ഷം ടി കെട്ടിടനിർമ്മാണത്തിനായി ചെലവഴിച്ച തുക (17,35,484/- രൂപ) പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി വിലയിരുത്തി 1994 ലെ ലോക്കൽ ഫണ്ട് ആക്ട് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ആയതിനാൽ ടി കെട്ടിടങ്ങൾ പണി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുന്നതുവരെ ടി ചെലവ് തുക 9,73,611/- രൂപ ഓഡിറ്റിൽ തടഞ്ഞുവച്ചിട്ടുണ്ട്.






ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16 KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് നിരീക്ഷണത്തിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം അടുക്ക്

വെള്ളാനൂർ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയവുമായി ബന്ധപ്പെട്ട് ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം അടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ അടുക്കിയ തുക	അടുക്കാൻ ബാക്കി നിൽക്കുന്ന തുക
15/09/2024 ൽ 16 പേർ)	90500	90500	ഇല്ല

2) മെഡിസെപ് പ്രീമിയം അടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ആരും തന്നെ നിലവിൽ പഞ്ചായത്തിൽ ഇല്ല.

3) മെഡിസെപ് പ്രീമിയം അടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ആരും തന്നെ നിലവിൽ പഞ്ചായത്തിൽ ഇല്ല.

4) മെഡിസെപ് പ്രീമിയം അടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)***	മെഡിസെപ് പ്രീമിയം ഇനത്തിൽ അടുക്കിയ തുക	അടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
1	03/2025	ഇല്ല	ഇല്ല	ഇല്ല	മെഡിസെപ്പ് അംഗത്വം എടുക്കുന്നതിന്

				ടെക്നിക്കൽ ഇഷ്യൂസ് കാരണം കഴിയുന്നില്ലെന്ന് മറുപടി നൽകി.	

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	മുന്നിടിപ്പ്	നൽകിയ തുക	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക	തിരിച്ചടവിച്ചു
ബ്ലോക്ക് പഞ്ചായത്ത്	547737	1545000	31/25 മലപ്പറ്റ് ഭവന നിർമ്മാണം-എസ് സി	1545000	547737
		466000	70/25 മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകൽ - സ്നേഹസ്പർശം	466000	
		115000	17/25 ക്ഷീര സമൃദ്ധി	115000	
തുക	547737	2126000		2126000	547737
ജില്ലാ പഞ്ചായത്ത്	666369	70000	50/25 ഹരിത ഭവനം	70000	666369
		466000	70/25 മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകൽ - സ്നേഹസ്പർശം	466000	
		1500000	250/25 സ്മാർട്ട് അംഗൻവാടി നിർമ്മാണം- വെറ്റർ നം:94	1500000	
		100000	17/25 ക്ഷീര സമൃദ്ധി	100000	
തുക	666369	2136000		2136000	666369
മുൻസിപ്പൽ കോർപ്പറേഷൻ	71907	285420	295/25 വെങ്ങാനൂർ ജി.പി 2022-23 കുടുംബ പുനരുദ്ധീവനം	285420	71908
		1044000	310/25 സെപ്റ്റിക് ടാങ്ക്	1043999	

			സെക്രിഷേഷൻ			
		321435	311/25 ലിറ്റർ ബിൻസ് മറ്റ് കൊമേഴ്ഷ്യൽ ഏരിയാസ്	321435		
ആകെ	71907	1650855		1650854	71908	

4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

വാർഷിക ധനകാര്യ പത്രിക പ്രകാരം

നിർവഹണ ഏജൻസി	2023-24 ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരമുള്ള മുന്നിരിപ്പ്	2024-25 വർഷത്തെ നിക്ഷേപം (സൂലേഖ പ്രകാരം)	ആകെ	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത്	2024-25 ബാലൻസ് ഷീറ്റ് B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
കെ.എസ്.ഇ.ബി	16829244	1946818		-	18776062
കേരള വാട്ടർ അതോറിറ്റി	10043471	53824	10097295	20000	10077295
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	497850	-	497850	-	497850

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്.

ഹെഡ്	വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക (B-5 ഷെഡ്യൂൾ 2023-24)	തൻവർഷം ലഭിച്ച തുക (RP 31 പ്രകാരം)	ആകെ	തൻവർഷം തിരിച്ചടച്ച തുക (സൂലേഖ ചെലവ് പത്രിക പ്രകാരം)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ 2024-25)
330500201 Secured Loans-Loan From KURDFC	17801365	3809274	21610639	2530872	19079767

4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

4-7 ഓഡിറ്റ് റിക്കവറി.

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

4-9 ചാർജ്ജ്/സർചാർജ് നടപടികളുടെ വിവരം.

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	62608851
ഓഡിറ്റ് വർഷത്തെ വരവ്	79346179
ആകെ	141955030
ഓഡിറ്റ് വർഷത്തെ ചെലവ്	57154556
നീക്കിയിരിപ്പ്	84800474
വരവിനത്തിലുള്ള നഷ്ടം	ഇല്ല
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ കണ്ടെത്തിയ തുക	35,11,260

ബി) ചട്ടലംഘനത്തിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

സി) ഓഡിറ്റിൽ കണ്ടെത്തിയ തുക.

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-17	19,46,818	ശ്രീ. ആർ.ടി. ബിജുകുമാർ, സെക്രട്ടറി
1-18	53,824	ശ്രീ. ആർ.ടി. ബിജുകുമാർ, സെക്രട്ടറി
1-19	3,50,000	ഡോ. സുനിൽ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി
1-21	41,943	ഡോ. ലക്ഷ്മി, മെഡിക്കൽ ഓഫീസർ, ഹോമിയോ
1-24	97,920	ശ്രീമതി. സുനിതകു, അസിസ്റ്റന്റ് സെക്രട്ടറി
1-27	47,144	ഡോ. സുനിൽ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി
1-29	9,73,611	ശ്രീ. അഭിലാഷ് പി. ശശി, അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ	35,11,260	

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

ക്രമ നം.	പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ	സ്ഥിരം മേൽവിലാസം

		ഔദ്യോഗിക മേൽവിലാസം)	
1	ശ്രീ. ആർ.വി. ബിജുകുമാർ, സെക്രട്ടറി	അവണാകുഴി ഗ്രാമ പഞ്ചായത്ത്	ഗംഗ, പുത്തൻതോട്, മാവത്തിന്മൂട പി.ഒ, പള്ളിച്ചൽ, തിരുവനന്തപുരം. ഫോൺ – 9496040649, 9074593691
2	ഡോ.സുനിൽ, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. വിഴിഞ്ഞം	ലിവ് ലീവിൽ, ഉദിയൻകുളങ്ങര, അമരവിള പി.ഒ, ഫോൺ – 9961367267
3	ശ്രീമതി. സുനിത.എ, അസി.സെക്രട്ടറി	അവണാകുഴി ഗ്രാമ പഞ്ചായത്ത്	മേവനടം, കാവനാട് പി.ഒ, കൊല്ലം – ഫോൺ – 9539235750
4	ഡോ. ലക്ഷ്മി, മെഡിക്കൽ ഓഫീസർ, ഹോമിയോ	മെഡിക്കൽ ഓഫീസർ, ഹോമിയോ	മൈപ്പുഴം, വൃന്ദാവൻ വാടി, ഉള്ളൂർ, മെഡിക്കൽ കോളേജ് പി.ഒ – 695011
5	ശ്രീ. അഭിലാഷ് പി. ശശി, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ	എസ്.പി. ഭവൻ, മുള്ളുവിള, കാഞ്ഞിരംകുളം പി.ഒ., തിരുവനന്തപുരം

4-11 തിരുത്തലാവശ്യപ്പെടുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും ചുമതലപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തിരുത്തലാവശ്യപ്പെടുന്ന ഖണ്ഡികകളുടെ എണ്ണം
2003-04	കെ.എസ്.എ.-ടി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	2 (3-2, 3-4)
2004-05	കെ.എസ്.എ.-ടി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	1 (3-11)
2005-06	കെ.എസ്.എ.-ടി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	2 (3-2, 3-3)
2006-07	കെ.എസ്.എ.-ടി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	5 (3-2, 3-3, 3-5, 3-7, 3-9)
2009-10	കെ.എസ്.എ.-ടി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	1 (3-3)
2010-11 & 2011-12	കെ.എസ്.എ.-ടി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	6 (2-3, 3-3, 3-6, 3-8, 3-9, 3-13)
2012-13	കെ.എസ്.എ.-ടി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	6 (2-3, 3-9, 3-10, 3-11, 3-12, 3-13)
2013-14	കെ.എസ്.എ.-ടി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	7 (3-1, 3-2, 3-5, 3-7, 3-10, 3-11, 3-12)
2014-15	കെ.എസ്.എ.-ടി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	20 (2-1, 2-5, 3-6, 3-7, 3-8, 3-9, 3-10-1, 3-12, 3-15, 3-16-1, 3-16-2, 3-16-3, 3-16-4, 3-17, 3-24, 3-27,

		3-28, 3-29, 3-30, 3-31)
2015-16	കെ.എസ്.എ.-ടി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	4 (3-4, 3-7, 3-8, 3-9)
2016-17	കെ.എസ്.എ.-ടി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	2 (2-5, 3-6)
2017-18	കെ.എസ്.എ.-ടി.വി.എം/ജി.പി.3/2399/18 തീയതി. 02.08.2019	11
2018-19	കെ.എസ്.എ.-ടി.വി.എം/ജി.പി.3/2959/2019 തീയതി. 15.02.2021	29
2019-20	കെ.എസ്.എ.-ടി.വി.എം/ജി.പി.3/1729/2021 തീയതി. 07.10.2021	21
2020-21	കെ.എസ്.എ.-ടി.വി.എം/ജി.പി.3/579/2022 തീയതി. 22.06.2022	35
2021-22	കെ.എസ്.എ.-ടി.വി.എം/ജി.പി.3/1757/2022 തീയതി. 13.02.2023	26
2022-23	കെ.എസ്.എ.ടി.വി.എം/ജി.പി.3/1146/2023 തീയതി. 25.03.2024	36
2023-24	കെ.എസ്.എ.ടി.വി.എം/ജി.പി.3/1477/2024 തീയതി. 28.03.2025	28

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 09-05-2025 and submitted on 13-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Venganoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Venganoor Grama Panchayat as on 31-03-2025

Date: 30/08/2025

Deputy Director
District Office Trivandrum
Kerala State Audit Department

Audit Report appended to the Audit Certificate of Venganoor Grama Panchayat for the Year 2024-2025 .

1.Major Observations

NIL

2.Other Observations

1.The following mandatory financial statement prescribed in accounting rules are not submitted for audit.
eg. ratios.
2.Statement related to B-1 Schedule (Adjusted performance for the current year) has not been submitted with the annual financial statement.
3. The valuation of stocks and stores has not been verified and recorded at the end of the financial year and in the B-14 Schedule of Balance Sheet under Stock in hand (inventories).
4. No monthly demand is being raised for revenue items such as property tax and profession tax.
5. Provision for outstanding expenses such as honorarium for members, fuel expenses due in the current financial year are not included in balance sheet (B-9).
6. The cash flow reported in the Cash Flow Statement has not been reconciled with the difference between the opening and closing cash balances.
7. The amount of advances paid for deposit works has not yet been adjusted, although the works have been completed as of date.
8. Gross surplus/deficit of income over expenditure shown in the Income & Expenditure statement is incorrect consequent to erroneous calculation of prior period income (after deducting prior period expenses) as 172972/- instead of (-) 172972/-.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്